# മലയാളം
## ടീച്ചർ ടെക്സ്റ്റ്

സ്റ്റാൻഡേർഡ് IX

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

# 1 നടക്കുന്തോറും തെളിയും വഴികൾ

## ആമുഖം

"യാത്ര ഒരാളെ എളിമയുള്ളതാക്കുന്നു. വിശാലമായ ലോകത്ത് നിങ്ങൾ എത്ര ചെറിയ സ്ഥാനമാണ് വഹിക്കുന്നതെന്ന് അത് തിരിച്ചറിവുണ്ടാക്കുന്നു."

-ഗുസ്താവ് ഫ്ളോബെർട്ട് (1821-1880) (ഫ്രഞ്ച് നോവലിസ്റ്റ്)

പ്രാചീനകാലം മുതൽ മനുഷ്യർ നിരന്തരം യാത്രയിലാണ്. ജീവിതാന്വേഷണത്തിന്റെ ഭാഗമായി വിജ്ഞാനദാഹവും സാഹസികതയും അന്വേഷണത്വരയും സഞ്ചാരകൗതുകവും ഉള്ളിലൊതുക്കി വ്യത്യസ്തമായ അനുഭവങ്ങൾതേടി യാത്ര തുടരുകയാണവർ.

വിവിധ ഭൂവിഭാഗങ്ങളിലെ വ്യത്യസ്തരായ മനുഷ്യരെയും വൈവിധ്യസമ്പന്നമായ പ്രകൃതിയെയും ചുറ്റുപാടുകളെയും അറിഞ്ഞുള്ള യാത്രകൾ, അതിജീവനത്തിനും ഉപജീവനത്തിനും വിനോദത്തിനും വേണ്ടി നടത്തിയ ദേശാടനങ്ങൾ, ദേശങ്ങളുടെ സംസ്കൃതിയും ചരിത്രവും തേടിയുള്ള സഞ്ചാരങ്ങൾ... ഇങ്ങനെ അറിവും അനുഭവവും അനുഭൂതിയും തേടിയുള്ള മനുഷ്യന്റെ യാത്രകൾ ഗോളങ്ങൾക്കുമപ്പുറത്തേക്കും കടന്നുപോകുന്നു. ഇത്തരം യാത്രാനുഭവങ്ങൾ വാക്കുകളിലൂടെ ഒരു വിസ്മയലോകമായി വായനക്കാരിലേക്കെത്തുമ്പോൾ അവരിൽ അത് പുതിയൊരു ലോകമാണ് സൃഷ്ടിക്കുന്നത്.

യാത്ര എന്ന ആശയമേഖലയുമായി ബന്ധപ്പെടുത്തി അറിവും അനുഭവവും അനുഭൂതിയും നൽകുന്ന യാത്ര, അതിജീവനത്തിനും ഉപജീവനത്തിനും വിനോദത്തിനുമായി മനുഷ്യസമൂഹം നടത്തിവരുന്ന യാത്ര, യാത്രയും സാഹിത്യവും എന്നിവയെല്ലാം വ്യത്യസ്തതലങ്ങളിലൂടെ ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നു.

മൂന്ന് രചനകളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്. കെ. പൊറ്റെക്കാട്ടിന്റെ **ശാന്തിനികേതനം** എന്ന യാത്രാവിവരണഭാഗം, വീരാൻകുട്ടിയുടെ സ്മാരകം എന്ന കവിത, ബെന്യാമിന്റെ ആടുജീവിതം എന്ന നോവലിലെ **മണൽക്കൂനകൾക്കിടയിലൂടെ** എന്ന ഭാഗം എന്നിവയാണവ. പ്രവേശകമായി സുജാതാദേവിയുടെ '**കാടുകളുടെ താളംതേടി**'യാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വി. മുസഫർ അഹമ്മദിന്റെ മരുഭൂമിയുടെ ആത്മകഥ എന്ന കൃതിയിലെ ചെറിയ ഭാഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ കൂടാതെ വിഷ്വൽ ട്രാവലോഗുകൾ, സഞ്ചാരസാഹിത്യത്തിലെ നൂതനാവതരണങ്ങൾ എന്നിവയും ഈ യൂണിറ്റിന്റെ ഭാഗമായി പരിചയപ്പെടുത്തേണ്ടതുണ്ട്.

### പഠനലക്ഷ്യങ്ങൾ

- കേൾക്കുകയും കാണുകയും വായിക്കുകയും ചെയ്ത രചനകളെ മുൻനിർത്തി ആശയവ്യക്തത യോടെ സംവദിക്കുക.
- യാത്രാവിവരണം, കവിത, നോവൽഭാഗം എന്നിവയിലെ ഭാഷാശൈലി, ആഖ്യാന രീതി തുടങ്ങി യവ തിരിച്ചറിയുകയും സ്വതന്ത്രരചനകളിൽ ഏർപ്പെടുകയും ചെയ്യുക.
- രചനകൾ അർത്ഥബോധം, ഉച്ചാരണസ്ഫുടത, ഒഴുക്ക്, ശബ്ദക്രമീകരണം എന്നിവയോടെ ചിഹ്നനം ഉൾക്കൊണ്ട് ഭാവാത്മകമായി വായിക്കുക.

# യൂണിറ്റ് വിശകലനം

യൂണിറ്റ് : 1

| ആശയം/ തീം | ഉപാശയങ്ങൾ | സാഹിത്യ രൂപങ്ങൾ | പഠനലക്ഷ്യങ്ങൾ | | | ഭാഷാ വസ്തുതകൾ | വ്യവഹാര രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | | | ആശയ ധാരണകൾ | ശേഷികൾ/ നൈപുണികൾ | മൂല്യം/ മനോഭാവം | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| യാത്ര - അറിവും അനുഭവവും അനുഭൂതിയും നൽകുന്ന യാത്ര | • പ്രാചീന കാലം മുതൽ അതി ജീവനത്തിനും ഉപജീവനത്തിനും വിനോദനത്തിനുമായി മനുഷ്യ സമൂഹം യാത്രയിൽ ഏർപ്പെട്ടിട്ടുണ്ട്.<br>• അനുഭവവും അറിവും അനുഭൂതിയും പ്രദാനം ചെയ്യുന്നവയാണ് യാത്രകൾ<br>• യാത്രാ വിവരണം സാഹിത്യത്തിലെ പ്രധാന വിഭാഗങ്ങളിലൊന്നാണ്.<br>• സ്വയം തിരിച്ചറിയാൻ സഹായിക്കുന്ന | • വിഷ്വൽ ട്രാവലോഗ്<br>• യാത്രാ വിവരണം<br>• കവിത<br>• നോവൽ ഭാഗം | • യാത്രാനുഭവങ്ങളിലൂടെ വൈവിധ്യങ്ങൾ തിരിച്ചറിയുന്നു.<br>• യാത്രാ വിവരണങ്ങൾ യാത്രയുടെ നേരനുഭവം നൽകുന്നു<br>• വായനയിലൂടെയും കാഴ്ചയിലൂടെയും രചനകളെക്കുറിച്ചുള്ള ധാരണകൾ രൂപപ്പെടുന്നു<br>• യാത്രാനുഭവങ്ങൾ ആവിഷ്കരിക്കുന്നതിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു.<br>• യാത്രയുടെ | • സാഹിത്യകൃതികൾ വായിച്ച് അവയെ വിവിധ രൂപങ്ങളിൽ പുനരാവിഷ്കരിക്കുക.<br>• യാത്രാനുഭവങ്ങൾ ആകർഷകമായും ആശയവ്യക്തതയോടെയും ആവിഷ്കരിക്കുക.<br>• യാത്രാവിവരണം, കവിത, നോവൽ എന്നിവയിലെ ഭാഷ, ആവിഷ്കരണ ശൈലി എന്നിവ തിരിച്ചറിഞ്ഞ് വ്യത്യസ്ത രചനകളിൽ പുനരാവിഷ്കരിക്കുക.<br>• യാത്രാവിവരണം, നോവൽഭാഗം, കവിത എന്നിവ ഭാവാത്മകമായും ഉച്ചാരണ സ്ഫുടതതയോടെയും ഒഴുക്കോടെയും വായിച്ച് അവതരിപ്പിക്കുക. | • യാത്രകളിൽ പരിചയപ്പെടുന്നവരുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും വേദനകളുമൊക്കെ തിരിച്ചറിയുകയും എല്ലാവരോടും സഹഭാവം പുലർത്തുകയും ചെയ്യുക.<br>• ഭിന്നസംസ്കാരങ്ങളെയും വൈവിധ്യങ്ങളെയും ഉൾക്കൊള്ളാനുള്ള മനോഭാവം രൂപപ്പെടുക. | • പദഘടന<br>• അർഥ വ്യത്യാസം<br>• വാക്യ ഘടന<br>• സൗന്ദര്യതലം<br>• ആവിഷ്കരണ രീതി<br>• യാത്രാ വിവരണത്തെ മറ്റൊരു സാഹിത്യ രൂപത്തിൽ ആവിഷ്കരിക്കുമ്പോൾ ഉള്ള ഭാഷയുടെ വ്യത്യാസങ്ങൾ | • ഭാവാത്മക അവതരണം<br>• കുറിപ്പ്<br>• വിശകലന ക്കുറിപ്പ്<br>• താരതമ്യ ക്കുറിപ്പ്<br>• ആസ്വാദനം<br>• കത്ത്<br>• പതിപ്പ്<br>• വോയ്സ് മെസേജ്<br>• ഹ്രസ്വചിത്ര നിർമ്മാണം<br>• ഷോർട്സ് നിർമ്മാണം<br>• വിഷ്വൽ ട്രാവലോഗ്<br>• ഉപന്യാസം | • പഠന പ്രക്രിയയിലെ പങ്കാളിത്തം, നേതൃത്വം<br>• വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ<br>• (വാചികം, ലിഖിതം, പ്രകടനം, നിർമ്മാണാത്മകം)<br>• വിലയിരുത്തൽ സൂചകങ്ങൾ രൂപീകരിച്ച് സ്വയം/പരസ്പരം വിലയിരുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നു. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | വയും മൂല്യങ്ങളും മനോഭാവങ്ങളും ഊട്ടിയുറപ്പിക്കു ന്നവയുമാണ് യാത്രകൾ.<br><br>• സഞ്ചാരി കളുടെ സാമൂഹിക മാധ്യമങ്ങളിലെ യാത്രാവിവരണ ങ്ങൾ, വിഷ്വൽ ട്രാവലോഗുകൾ (റീൽസ്, ഷോട്ട്സ്) എന്നിവ സഞ്ചാര സാഹിത്യത്തിന് പുത്തൻ ഉണർവ് നൽകുന്നു.<br><br>• യാത്രകൾ മാനവസാഹോദ ര്യത്തെ വളർത്തുന്ന തിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്.<br><br>• യാത്രകൾ സാംസ്കാരികവി നിമയ സാധ്യതകൾ ഉള്ളതാണ്. | | വ്യത്യസ്ത തലങ്ങൾ തിരിച്ചറിയുന്നു.<br><br>• ഉപജീവന ത്തിനുവേണ്ടിയും അതിജീവനത്തി നുവേണ്ടിയും യാത്രകൾ അനിവാര്യമാകു ന്നു എന്ന് തിരിച്ചറിയുന്നു. | • നൂതനമായ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് യാത്രാവിവരണങ്ങളുടെ വീഡിയോകൾ റീൽസ്, ഷോട്ട്സുകൾ എന്നിവ നിർമ്മിക്കുക. | | | | |

## യൂണിറ്റ് ശീർഷകം – ആശയം കണ്ടെത്തൽ

ക്ലാസിൽ ടീച്ചർ ഒരു ലഘുചോദ്യം ഉന്നയിക്കുന്നു.

**? 'നടക്കുന്തോറും തെളിയും വഴികൾ' എന്ന ശീർഷകം ഉയർത്തുന്ന ചിന്തകൾ എന്തെല്ലാം?**

ചർച്ച ചെയ്യുക.

കുട്ടികൾ വ്യക്തിപരമായി ഉത്തരം കണ്ടെത്തട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു.

ദേശസഞ്ചാരത്തിലൂടെ മനുഷ്യരിൽ രൂപപ്പെടുന്ന വിവിധ മൂല്യങ്ങളും മനോഭാവങ്ങളും ഈ വരികൾ ഓർമ്മപ്പെടുത്തുന്നു. യാത്രയിലൂടെ ലഭിക്കുന്ന അറിവുകളും അനുഭവങ്ങളും അനുഭൂതികളുമെല്ലാം സ്വയം തിരിച്ചറിയാനും കൂടുതൽ തെളിച്ചമുള്ള ജീവിതവഴികളിലേക്ക് നയിക്കപ്പെടുവാനും അവരെ പ്രേരിപ്പിക്കുന്നു. ജീവിതയാത്രയെക്കുറിച്ചുകൂടി ഈ ശീർഷകം ഓർമ്മിപ്പിക്കുന്നു.

## പ്രവേശകം

ഒരു ഹിമാലയൻയാത്രയ്ക്കൊടുവിൽ സുജാതദേവി, തന്റെ ചേച്ചിയായ കവി സുഗതകുമാരിക്ക് എഴുതിയ കത്തുകളിലൊന്നാണ് യൂണിറ്റിന് പ്രവേശകമായി നൽകിയിരിക്കുന്നത്. രണ്ടുമാസം നീണ്ടുനിന്ന യാത്രയിലെ വ്യത്യസ്തമായ അനുഭവങ്ങളും അവയിലൂടെ അറിഞ്ഞ ജീവിതപാഠങ്ങളുമെല്ലാം ഈ കത്തിലൂടെ വെളിപ്പെടുന്നു. യാത്രികയും പ്രകൃതിയുമായുള്ള ജൈവബന്ധമാണ് ഈ യാത്രയ്ക്ക് തുണയാവുന്നത്.

**? യാത്രകൾ എന്തിനെല്ലാം?**

വ്യത്യസ്ത ഉദ്ദേശ്യങ്ങളോടെ കുട്ടികൾ നടത്തിയ വിവിധ യാത്രാനുഭവങ്ങൾ ക്ലാസിൽ പങ്കുവയ്ക്കട്ടെ. ഇത്തരം യാത്രകൾ എന്തെല്ലാമാണ്?

- വിനോദത്തിന്
- പഠനത്തിന്
- പ്രകൃതിയെ അറിയാൻ
- സാഹസികയാത്ര
- അറിവിനും അനുഭവത്തിനും വേണ്ടി
- തീർഥയാത്ര.
-
-



**സുജാതാദേവി (1946-2018)**

ദേവി എന്ന പേരിൽ കവിതയും സുജാത എന്ന പേരിൽ ഗദ്യവും എഴുതി. പ്രസിദ്ധ കവിയും സ്വാതന്ത്ര്യസമരസേനാനിയുമായ ബോധേശ്വരന്റെയും പ്രൊഫ. വി. കെ. കാർത്ത്യായനി അമ്മയുടെയും മകൾ. കോളേജ് അധ്യാപികയായിരുന്നു.

*കൃതികൾ:* മൂൺമയി (കവിതാസമാഹാരം), കാടുകളുടെ താളം തേടി (യാത്രാ വിവരണം). കാടുകളുടെ താളം തേടി എന്ന കൃതിയ്ക്ക് കേരള സാഹിത്യഅക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട് (1999).

## അനുഭവപാഠങ്ങൾ കണ്ടെത്താം

**? സുജാതാദേവി നടത്തിയ യാത്ര എങ്ങനെയുള്ളതായിരുന്നു?**

**? യാത്രിക നേടിയ അനുഭവപാഠങ്ങൾ എന്തൊക്കെയാണ്?**

പ്രവേശകമായി നൽകിയ കത്ത് കുട്ടികൾ വായിക്കട്ടെ. മുകളിൽ നൽകിയ ചോദ്യങ്ങൾക്കുത്തരം കണ്ടെത്തട്ടെ. കത്ത് വീണ്ടും വിശകലനത്തിന് വിധേയമാക്കുന്നു.

- ഈ യാത്ര എല്ലാ അർഥത്തിലും എനിക്കൊരു ഹിമാലയൻയാത്രയായിരുന്നു.
- ഇക്കോളജിയെക്കാളും സോഷ്യോളജിയെക്കാളും പരുക്കൻ ജീവിതപാഠങ്ങളാണ് ഞാൻ നന്നായി പഠിച്ചതെന്ന് തോന്നുന്നു.
- കാട്ടിനുള്ളിലെ ജീവിതത്തിന്റെ താളമൊന്നുവേറെ. അതു സുഖകരമായ അനുഭൂതിയാണ്.

ഇത്തരം വാക്യങ്ങളുടെ അടിസ്ഥാനത്തിൽ യാത്രകളെക്കുറിച്ച് കൂടുതൽ ചർച്ച നടക്കട്ടെ.

- ഹിമാലയൻയാത്ര എന്ന പ്രയോഗത്തിന്റെ അർഥതലങ്ങൾ വിശദമാക്കുന്നു.
- ഹിമാലയത്തിലൂടെയുള്ള രണ്ടുമാസത്തെ യാത്രയാണ് നടത്തിയത്.
- യാത്രയുടെ ദൈർഘ്യം, തീവ്രത, ക്ലേശം എന്നിവ സൂചിപ്പിക്കുന്നു
- യാത്രയിലൂടെ നേടിയ വ്യത്യസ്തമായ അനുഭവങ്ങൾ, അറിവുകൾ, അനുഭൂതികൾ സൂചിപ്പിക്കുന്നു
- യാത്രയിൽ നിന്നു ധാരാളം ജീവിതപാഠങ്ങൾ ലഭിച്ചിട്ടുണ്ട്
- വ്യത്യസ്തമായ അനുഭൂതികൾ

ഇവയെല്ലാം ഹിമാലയയാത്ര എന്ന പ്രയോഗംകൊണ്ട് അർഥമാക്കുന്നത്.

**ടീച്ചർ ക്രോഡീകരിക്കുന്നു**

രണ്ടു മാസം നീണ്ടുനിന്ന യാത്രയാണ് ലേഖിക നടത്തിയത്. സാധാരണ ജീവിതത്തിൽനിന്നും കിട്ടുന്നതിനപ്പുറമുള്ള വലിയ ജീവിതപാഠങ്ങളാണ് ഈ യാത്രയിലൂടെ ലഭിച്ചത്. വ്യത്യസ്തമായ ധാരാളം അറിവുകളും അനുഭവങ്ങളും അനുഭൂതികളും ലഭിച്ചു. നാട്ടിലൂടെയുള്ള യാത്രയിൽനിന്നും ഏറെ വ്യത്യസ്തമായിരുന്ന അനുഭവങ്ങളാണ് കാട്ടിലൂടെയുള്ള യാത്രയിൽ നിന്നുണ്ടായത്.

## കത്ത് തയ്യാറാക്കുക

കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കുവയ്ക്കട്ടെ. ഈ അനുഭവം പ്രിയകൂട്ടുകാർക്ക് കത്തിന്റെ രൂപത്തിലെഴുതി അവതരിപ്പിക്കട്ടെ.

? **കത്തെഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?**

? **വിവിധതരം കത്തുകൾ ഏതൊക്കെയാണ്?**

ചർച്ച

ക്രോഡീകരണം

കുട്ടികൾ തയ്യാറാക്കിയ കത്ത് വായിക്കുന്നു

സ്വയം വിലയിരുത്തൽ

ഗ്രൂപ്പു വിലയിരുത്തൽ

### കത്ത്

- വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങളുണ്ട്.
- ആശയങ്ങളുടെ ഭാവം / വൈകാരികത വ്യക്തമാകുന്ന ഭാഷ.
- കത്തിന്റെ ഘടന

## ലിങ്ക് വിശദീകരണം – ആശയം കണ്ടെത്താം

യാത്രാനുഭവമായി സുജാതാദേവി എഴുതിയ കത്തിനുശേഷം എസ്. കെ. പൊറ്റെക്കാട്ടിന്റെ ശാന്തിനികേതനം എന്ന യാത്രാവിവരണമാണ് പാഠഭാഗമായി നൽകിയിരിക്കുന്നത്. ഇവയ്ക്കിടയിൽ നൽകിയിരിക്കുന്ന ലിങ്ക് വ്യക്തമാക്കിക്കൊണ്ട് പ്രവേശകത്തെയും പാഠഭാഗത്തെയും ബന്ധപ്പെടുത്തി അവതരിപ്പിക്കാം.

"യാത്രയിൽ കൊണ്ട വെയിൽ... തിരികെയെത്തുമ്പോൾ തണലാകുന്നു"
എന്ന വരികൾ അവതരിപ്പിക്കുന്നു.

ടീച്ചർ ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- **'യാത്രയിൽകൊണ്ട വെയിൽ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?**
- **തിരികെ എത്തുമ്പോൾ തണലാകുന്നു' എന്ന പ്രയോഗത്തിന്റെ അർഥതലങ്ങൾ എന്തൊക്കെയാണ്?**

## ചർച്ച - ക്രോഡീകരണം

സുജാതാദേവിയുടെ വ്യത്യസ്തമായ യാത്രാനുഭവങ്ങൾ എങ്ങനെയാണ് ജീവിതപാഠമായി മാറിയത് എന്ന് കത്ത് വ്യക്തമാക്കുന്നുണ്ട്. ഇതിൽനിന്ന് ശാന്തിനികേതനത്തെക്കുറിച്ചുള്ള അറിവുകൾതേടി എസ്. കെ. നടത്തിയ യാത്രയുടെ അനുഭവങ്ങൾ പരിചയപ്പെടുത്താം. വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോർ സ്ഥാപിച്ച ശാന്തിനികേതൻ 2023ൽ യുനസ്കോയുടെ ലോകപൈതൃകഭൂപടത്തിൽ ഇടംപിടിച്ചു.

### ശാന്തിനികേതനം

തന്റെ പിതാവായ മഹർഷി ദേവേന്ദ്രനാഥ ടാഗോർ 1863ൽ തുടക്കം കുറിച്ച ശാന്തിനികേതൻ 1901ൽ ഒരു വിദ്യാലയവും കലാകേന്ദ്രവുമായി മാറ്റുകയായിരുന്നു രവീന്ദ്രനാഥ ടാഗോർ.

പരിസ്ഥിതികേന്ദ്രീകൃതമായ വിദ്യാഭ്യാസകേന്ദ്രവും സാംസ്കാരിക ഇടവുമാക്കി ശാന്തിനികേതനെ ടാഗോർ മാറ്റിയെടുത്തു. കൊൽക്കത്തയിലെ ബിർഭും ജില്ലയിലെ ബോൽപൂർ ഗ്രാമത്തിലാണ് ശാന്തിനികേതൻ സ്ഥിതിചെയ്യുന്നത്. ശാന്തിയുടെയും സമാധാനത്തിന്റെയും ഇടം എന്ന അർഥത്തിലാണ് ശാന്തിനികേതനം എന്ന പേര് നൽകിയത്. നോബൽ സമ്മാനത്തിന്റെ ഭാഗമായി ലഭിച്ച തുക മുഴുവൻ ടാഗോർ ശാന്തിനികേതനത്തിനായി മാറ്റിവെച്ചു. 1921ൽ ഈ വിദ്യാലയം വിശ്വഭാരതി സർവ്വകലാശാലയായി മാറി. 1951ൽ ഇത് കേന്ദ്രസർവ്വകലാശാലയാക്കി ഉയർത്തി. ലോകത്തിന്റെ വിവിധ ഭാഗങ്ങളും ഭാരതവും ഒന്നിക്കുന്ന സ്ഥലം എന്ന അർഥത്തിലാണ് വിശ്വഭാരതി എന്ന പേര് നൽകിയത്. "യത്ര വിശ്വം ഭവത്യേകനീഡം" (ഇവിടെ ലോകം ഒരു പക്ഷിക്കൂടായി മാറുന്നു) എന്നതാണ് ആ കലാലയത്തിന്റെ മുദ്രാവാക്യം. ടാഗോറിന്റെ വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക, പ്രകൃതി, കലാദർശനങ്ങൾ ഒത്തുചേരുന്ന ശാന്തിനികേതൻ വിശ്വമാനവികതയുടെയും ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പാരമ്പര്യത്തിന്റെയും ഏറ്റവും മികച്ച ഇടങ്ങളിലൊന്നാണ്. 2023ൽ യുനസ്കോയുടെ ലോക പൈതൃകപട്ടികയിൽ ഇടം പിടിച്ചതോടെ ഇവിടം ലോകത്തിന്റെ ശ്രദ്ധയിലേക്ക് കൂടുതൽ അടുത്തിരിക്കുന്നു.



## പ്രവർത്തനങ്ങളിലൂടെ

### പ്രശ്നോത്തരി നടത്താം – വിവരങ്ങൾ ശേഖരിക്കാം

രവീന്ദ്രനാഥ ടാഗോറിനെക്കുറിച്ചുള്ള വിവരങ്ങൾ ക്ലാസ്തല ചർച്ചയിലൂടെ കുട്ടികൾ പങ്കുവയ്ക്കട്ടെ.

### രവീന്ദ്രനാഥ ടാഗോർ

- ജനനം : 1861 മെയ് 7
- കവി, നോവലിസ്റ്റ്, ചെറുകഥാകൃത്ത്, നാടകകൃത്ത്, നടൻ, തത്വചിന്തകൻ, ചിത്രകാരൻ, വിദ്യാഭ്യാസ ചിന്തകൻ, സ്വാതന്ത്ര്യസമര പോരാളി, ഗാനരചയിതാവ് - സകലകലാവല്ലഭൻ
- നമ്മുടെ ദേശീയഗാനമായ ജനഗണമനയുടെ രചയിതാവ്
- അമർ സോനാർ ബംഗ്ളാ എന്ന ടാഗോറിന്റെ ഗീതം 1972-ൽ ബംഗ്ലാദേശിന്റെ ദേശീയഗാനമായി സ്വീകരിക്കപ്പെട്ടു.
- ഗുരുദേവ് എന്ന് ഗാന്ധിജി വിശേഷിപ്പിച്ചു.
- മഹാത്മാ എന്ന് ഗാന്ധിജിയെ ആദ്യമായി വിശേഷിപ്പിച്ചത് ടാഗോർ.
- ബംഗാളി ഭാഷയിൽ എഴുതിയ തന്റെ കൃതിയ്ക്ക് ടാഗോർ തന്നെ നടത്തിയ ഇംഗ്ളീഷ് പരിഭാഷയെ മുൻനിർത്തിയാണ് 1913ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ഗീതാഞ്ജലിയ്ക്ക് ലഭിച്ചത്.
- മരണം - 1941 ആഗസ്റ്റ് 7
- വിശ്വമാനവികത, പരിസ്ഥിതിദർശനം, വിദ്യാഭ്യാസദർശനം, കലാദർശനം എന്നിവയിൽ അഗാധമായ കാഴ്ചപ്പാടുകൾ ടാഗോറിനുണ്ടായിരുന്നു. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ശാന്തിനികേതനത്തിന്റെ അടിത്തറ.

## പാഠവിശകലനം

രവീന്ദ്രനാഥ ടാഗോറിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു. തുടർന്ന് എസ്. കെ. പൊറ്റെക്കാട്ടിന്റെ ശാന്തിനികേതനം എന്ന പാഠഭാഗം അവതരിപ്പിക്കുന്നു.

ലോക പൈതൃകപട്ടികയിൽ ശാന്തിനികേതനെ ഉൾപ്പെടുത്തിയ പത്രവാർത്തയിലൂടെയും പാഠഭാഗം അവതരിപ്പിക്കാം.

കുട്ടികൾ സംഘങ്ങളായി മാറുന്നു.

വ്യക്തിഗതമായും ഗ്രൂപ്പായും വായിക്കുന്നു.

### ശാന്തിനികേതൻ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ

ന്യൂഡൽഹി: ബംഗാളിലെ ലോകപ്രശസ്തമായ ശാന്തിനികേതൻ യുനെസ്കോയുടെ ലോകപൈതൃക പട്ടികയിൽ ഇടം നേടി. സൗദി അറേബ്യയിൽ നടന്ന നാല്പത്തഞ്ചാമത് വേൾഡ് ഹെരിറ്റേജ് കമ്മിറ്റി യോഗത്തിലാണു തീരുമാനമുണ്ടായത്. ബിർഭൂം ജില്ലയിലാണ് ശാന്തിനികേതൻ സ്ഥിതിചെയ്യുന്നത്. കൽക്കത്തയിൽനിന്ന് 160 കിലോമീറ്റർ അകലെയാണിത്.

വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ പിതാവ് ദേവേന്ദ്രനാഥ് ടാഗോർ ആണ് ശാന്തിനികേതൻ ആശ്രമത്തിന് തുടക്കം കുറിച്ചത്. 1921ലാണ് രബീന്ദ്രനാഥ ടാഗോർ ശാന്തിനികേതൻ വിശ്വഭാരതി സർവകലാശാലയാക്കി മാറ്റിയത്. നൊബേൽ സമ്മാന ജേതാവ് അമർത്യസെൻ അടക്കം നിരവധി പ്രതിഭാശാലികളെ സൃഷ്ടിച്ച സ്ഥാപനമാണിത്.

വായനയിലൂടെ പാഠഭാഗത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുന്നു.

- പ്രകൃതിദൃശ്യങ്ങളുടെ അവതരണം
- കേരളവുമായുള്ള താരതമ്യം
- ശാന്തിനികേതനത്തിന്റെ പ്രത്യേകതകൾ
- വിദ്യാഭ്യാസരീതികൾ
- യാത്രാവിവരണത്തിന്റെ ഭാഷ

## വായിക്കാം കണ്ടെത്താം

ഉചിതമായ ചോദ്യങ്ങളിലൂടെ പാഠഭാഗത്തെ സമഗ്രമായി സമീപിക്കാൻ ടീച്ചർ ആവശ്യമായ ഇടപെടൽ നടത്തുന്നു. കുട്ടികൾ സംഘമായി മാറി പാഠഭാഗങ്ങൾ വായിക്കുന്നു. ഉചിതമായ ചോദ്യങ്ങൾ കണ്ടെത്തി പരസ്പരം ഉന്നയിക്കുന്നു. ഉത്തരങ്ങൾ കണ്ടെത്തുന്നു.

**? ശാന്തിനികേതനിലേക്കുള്ള യാത്രയിൽ എസ്. കെ. കാണുന്ന പ്രകൃതിദൃശ്യങ്ങൾ ഏതൊക്കെയാണ്?**

**? ഇതിന് സമാനമായ കേരളീയദൃശ്യങ്ങളെ ഓർത്തെടുക്കുന്നതെങ്ങനെയാണ്?**

**? ബംഗാളിലെ കാഴ്ചകൾ എങ്ങനെയാണ് യാത്രികനെ സ്വന്തം നാടിനെ ഓർമ്മപ്പെടുത്തുന്നത്?**

## സൂചനകൾ

» നഗരത്തിന്റെ തിരക്കുകളിൽ നിന്നുമാറിയ ഇടം

» ടാഗോറിന്റെ തപാൽ മാസ്റ്റർ, ഞാൻ വീട്ടിലേക്കു പോകുന്നു, കാബൂളിവാല തുടങ്ങിയ കഥകളിലെ വിവരണങ്ങൾ ഈ ഗ്രാമീണപാതകൾ ഓർമ്മിപ്പിക്കുന്നു.

» തെങ്ങുകളും താലവൃക്ഷങ്ങളും തലയുയർത്തി നിൽക്കുന്ന പറമ്പുകൾ, മുളങ്കൂട്ടം, തെറിച്ചു നിൽക്കുന്ന മതിലുകൾ, വാഴത്തോട്ടങ്ങൾ, പച്ചക്കറി വളപ്പുകൾ, ആൽത്തറകൾ, ആമ്പൽക്കൂട്ടങ്ങൾ.... പുല്ലുമേഞ്ഞ കർഷകക്കുടിലുകൾ എന്നിവ കാണുമ്പോൾ ഉള്ള അനുഭവം.

» പുണ്യാശ്രമം എന്ന പ്രയോഗം - ശാന്തിയും സമാധാനവും സ്വച്ഛതയും ലാളിത്യവും ചേർന്ന പ്രകൃതിയുടെ തുറന്ന ഇടമാണെന്നു സൂചിപ്പിക്കാം.

## കുറിപ്പ് തയ്യാറാക്കാം

കുട്ടികൾ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തിപരമായി കുറിപ്പ് തയ്യാറാക്കട്ടെ. വ്യക്തിഗത വായന, ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ, അവതരണം

**? പാഠഭാഗത്തെ ഭാഷയുടെ പ്രത്യേകതകൾ കണ്ടെത്തുക.**

ടീച്ചർ പാഠഭാഗത്തെ ചില പ്രയോഗങ്ങൾ അതരിപ്പിക്കുന്നു. കുട്ടികൾ കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തട്ടെ.

ഉദാ :

- നഗരത്തിലെ നിരന്തരമായ ഖരാഖരാരവം
- പ്രശാന്തമൂകമായ കുശലപ്രശ്നം
- ജരാനര ബാധിച്ച പടുകിഴവൻ പാത

- കറുത്ത പുള്ളികൾപോലെ തോന്നുന്ന പുല്ലുമാടങ്ങൾ
- ഒഴിഞ്ഞ പാടങ്ങളിലൂടെ ഇഴഞ്ഞുനീങ്ങുന്ന ചെറിയ നിരത്ത്

## പ്രത്യേകതകൾ

- വർണനകൾ
- വാങ്മയ ചിത്രങ്ങൾ
- താരതമ്യങ്ങൾ
- ആലങ്കാരികഭാഷ
- ദീർഘവാക്യങ്ങൾ

കുട്ടികൾ കണ്ടെത്തിയ ഉദാഹരണങ്ങളുടെയും വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കുന്നു. ഗ്രൂപ്പിൽ വായന, മെച്ചപ്പെടുത്തൽ, അവതരണം

## അർഥവ്യത്യാസം കണ്ടെത്താം

പ്രാചീനവും അർവാചീനവുമായ ഭാരതീയ ചിത്രകലകളുടെ മാതൃകകൾ. അടിവരയിട്ട പദങ്ങളുടെ അർഥം കുട്ടികൾ കണ്ടെത്തി വാക്യങ്ങളുടെ പ്രത്യേകത പറയട്ടെ.

ഒരേ വാക്യത്തിൽത്തന്നെ ഇവിടെ വിരുദ്ധാർഥമുള്ള പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ഇതുപോലെയുള്ള കൂടുതൽ ഉദാഹരണങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

## നിരീക്ഷണങ്ങൾ അവതരിപ്പിക്കുക

പാഠഭാഗത്തുനിന്ന് വ്യക്തമാകുന്ന ശാന്തിനികേതനത്തിലെ വിദ്യാഭ്യാസരീതിയുടെ പ്രത്യേകതകൾ എന്തെല്ലാം? കുട്ടികൾ കണ്ടെത്തി സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കട്ടെ.

### ശാന്തിനികേതനിലെ വിദ്യാഭ്യാസരീതികൾ - സൂചനകൾ

- പ്രകൃതിയുടെ ഭാഗമായി മാറുന്ന പഠനം
- പുല്ലുമേഞ്ഞ കുറേ കുടിലുകളുടെയും മാന്തോപ്പുകളുടെയും പുൽത്തകിടികളുടെയും മധ്യേ ഒരു വിശ്വവിദ്യാലയം
- കലാഭവനം – ചിത്ര-ശില്പകലാപഠനങ്ങൾ
- സംഗീതഭവനം - സംഗീത നൃത്തപഠനങ്ങൾ
- ലാളിത്യവും സ്വച്ഛതയും ശാന്തിയും തമ്മിൽ പുണർന്നു കിടക്കുന്നു.
- സാമൂഹ്യ ചുറ്റുപാടുകളെ അറിയാനും പഠിക്കാനും സാമൂഹ്യപ്രവർത്തനങ്ങൾ ചെയ്യാനും പരിശീലിക്കുന്നതിന് ശ്രീനികേതനം - ഗ്രാമീണപഠനകേന്ദ്രം.
- കുട്ടികളുടെ സമഗ്രമായ കഴിവുകൾ കണ്ടെത്താനും വളർത്താനുമുള്ള ഇടം.
- മാനവികമൂല്യങ്ങളും ഉത്തരവാദിത്ത്വബോധവും കുട്ടികളിൽ രൂപപ്പെടുത്തുന്നു.

## ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി (ബി.എച്ച്.യു.)

ഉത്തർപ്രദേശിലെ വാരാണസി (ബനാറസ്) പട്ടണത്തിൽ 1916-ൽ സ്ഥാപിതമായത്. അനേകായിരം വിദ്യാർഥികൾക്ക് താമസിച്ചുപഠിക്കാൻ കഴിയുന്ന സ്ഥാപനം ഏഷ്യയിലെ ഏറ്റവും വലിയ ക്യാമ്പസിലൊന്ന്. പ്രസിദ്ധമായ കേന്ദ്ര സർവ്വകലാശാല.

## നന്ദലാൽ ബോസ് (1882-1966)



ഭാരതീയ ചിത്രകലയെ പുനരുദ്ധരിച്ച കലാകാരൻ. വിശ്വഭാരതിയുടെ കലാഭവൻ ഡയറക്ടറായി പ്രവർത്തിച്ചു. ഇന്ത്യയിലെ പ്രാചീന കലാരൂപങ്ങൾ, മുഗൾ, പേർഷ്യൻ, ജപ്പാൻ തുടങ്ങിയ കലാരൂപങ്ങൾ എന്നിവ മനസ്സിലാക്കി സ്വതന്ത്രമായ കലാസൃഷ്ടികൾക്ക് രൂപം നൽകി. ശാന്തിനികേതനത്തിലെ പല കുടിലുകളും ആകർഷകമായ ചെറിയ കെട്ടിടങ്ങളും രൂപകല്പന ചെയ്തു. ആയിരക്കണക്കിന് പ്രകൃതിദൃശ്യങ്ങളടങ്ങിയ ചിത്രങ്ങൾ, ആഖ്യാനചിത്രങ്ങൾ, വ്യക്തിഗത ചിത്രങ്ങൾ, കഥാപാത്രങ്ങൾ എന്നിവയെല്ലാം വരച്ചു. വീണവായന, ദണ്ഡിയാത്ര, പത്മാനദി, മീരാഭായി, പത്മിനി, കൃഷ്ണഗാഥ തുടങ്ങി പ്രസിദ്ധമായ ഒട്ടേറെ ചിത്രങ്ങൾ. ദേശികോത്തമ എന്ന പദവി നൽകി വിശ്വഭാരതി യൂണിവേഴ്സിറ്റി ആദരിച്ചു. പത്മഭൂഷൺ, ഡോക്ടറേറ്റ് ബിരുദം എന്നിവ നൽകി ആദരിക്കപ്പെട്ടു.

Where the mind is without fear and
the head is held high;
Where knowledge is free;
Where the world has not been broken up
into fragments by narrow domestic walls;
Where words come out from the depth of truth;
Where tireless striving stretches its
arms towards perfection;
Where the clear stream of reason has not lost
its way into the dreary desert sand of dead habit;
Where the mind is led forward by thee into
ever-widening thought and action -
into that heaven of freedom, my Father,
let my country awake.

**[Gitanjali]** **[Tagore]**

എവിടെ നിർഭയമാകുന്നു മാനസം
എവിടെ നിൽക്കുന്നു ശീർഷം സമുന്നതം
എവിടെ വിജ്ഞാനം പൂർണസ്വതന്ത്രമായ്
അവികലമായി വിരാജിപ്പു നിത്യവും
മുക്തിതൻ സ്വർഗ്ഗരാജ്യ, മതിങ്കലേ-
ക്കെന്റെ നാടൊന്നുണർന്നാവൂ ദൈവമേ!
എവിടെ രാഷ്ട്രമതിലുക, ളൂഴിയെ-
ച്ചെറിയ തുണ്ടുകളായ് മുറിപ്പീലയോ,
എവിടെ സത്യത്തിൻ ആഴത്തിൽ നിന്നു താൻ
മൊഴികളെല്ലാം ഉറവെടുക്കുന്നുവോ,
എവിടെ നിസ്തന്ദ്രമുദ്യമം കൈകളെ
പരമ ലക്ഷ്യത്തിലേ,ക്കുയർത്തുന്നുവോ
എവിടെ,യന്തരംഗത്തെ നയിപ്പൂ നീ
സതതം വ്യാപിക്കും ചിന്താകർമ്മങ്ങളിൽ,
മുക്തിതൻ സ്വർഗ്ഗരാജ്യ,മതിങ്കലേ-
ക്കെന്റെ നാടൊന്നുണർന്നാവു ദൈവമേ!

**[വിവ : ഏറ്റുമാനൂർ സോമദാസൻ]**

## താരതമ്യം ചെയ്യാം

സുജാതദേവിയുടെ കത്ത്, എസ്. കെ. യുടെ യാത്രാവിവരണം ഇവ കുട്ടികൾ വീണ്ടും വായിക്കട്ടെ. ആവിഷ്കാരത്തിന്റെ പ്രത്യേകതകൾ കുട്ടികൾ കുറിക്കട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു.

### സുജാതാദേവിയുടെ കത്ത്

- യാത്രാനുഭവം കത്ത് രൂപത്തിൽ.
- രണ്ടുമാസത്തെ ഹിമാലയൻ യാത്രയ്ക്കു ശേഷം എഴുതിയത്.
- യാത്രയിൽ നിന്നുപഠിച്ച അനുഭവ പാഠങ്ങൾ ജീവിതപാഠങ്ങളായി മാറി.
- ഹിമാലയൻ യാത്ര എന്ന പ്രയോഗത്തിന്റെ അർഥതലങ്ങൾ.
- ഭാഷാപരമായ പ്രത്യേകതകൾ.

### ശാന്തിനികേതനം

- സഞ്ചാരസാഹിത്യം
- ശാന്തിനികേതനത്തെ പരിചയപ്പെടാനുള്ള യാത്ര
- അറിവും അനുഭവവും തേടിയുള്ള യാത്ര
- കേരളവുമായി താരതമ്യം
- വാങ്മയ ചിത്രങ്ങൾ, വർണനകൾ, പ്രയോഗങ്ങൾ
- ടാഗോറിന്റെ കാഴ്ചപ്പാടുകൾ
- ദീർഘവാക്യങ്ങൾ

### ക്രോഡീകരണം

ഒരു ദീർഘയാത്രയ്ക്ക് ശേഷമുള്ള കത്തിന്റെ രൂപത്തിലാണ് സുജാതദേവി യാത്രനുഭവം എഴുതിയത്. അവ എങ്ങനെയാണ് ജീവിതപാഠങ്ങളായി മാറിയത് എന്ന് വ്യക്തമാക്കുന്നു. ശാന്തിനികേതനത്തെയും ടാഗോറിനെയും അറിയാനുള്ള യാത്രയാണ് എസ്. കെ. നടത്തിയത്. നമ്മുടെ നാടുമായുള്ള താരതമ്യം, വർണനകൾ എന്നിവ ശ്രദ്ധേയം.

### എസ്. കെ. പൊറ്റെക്കാട്ട് (1913 - 1982)



ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റെക്കാട്ട് എന്നാണ് പൂർണമായ പേര്. കോഴിക്കോട് ജനനം. കഥാകൃത്ത്, കവി, നോവലിസ്റ്റ്, സഞ്ചാരസാഹിത്യകാരൻ. നാടൻപ്രേമം, വിഷകന്യക, ഒരു തെരുവിന്റെ കഥ, ഒരു ദേശത്തിന്റെ കഥ (നോവലുകൾ). നിശാഗന്ധി, പുള്ളിമാൻ (കഥാസമാഹാരങ്ങൾ). സിംഹഭൂമി, നൈൽ ഡയറി, പാതിരാ സൂര്യന്റെ നാട്ടിൽ, ബാലിദ്വീപ്, ഹിമാലയ സാമ്രാജ്യത്തിൽ (സഞ്ചാരസാഹിത്യകൃതികൾ). കേരള - കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ, ജ്ഞാനപീഠ പുരസ്കാരം (1980) എന്നിവ ലഭിച്ചിട്ടുണ്ട്.

എഴുത്തുകാരന്റെ സഞ്ചാരാനുഭവങ്ങൾ അനുവാചകനിലേക്ക് പകർന്നുനൽകാനുള്ള കഴിവാണ് സഞ്ചാരസാഹിത്യകാരനുണ്ടാകേണ്ട മുഖ്യഗുണം. വായനക്കാരനെ ആത്മസുഹൃത്തായി പരിഗണിച്ച് അയാളോട് ഗ്രന്ഥകാരൻ ഹൃദയം തുറന്ന് സംസാരിക്കണം. നമ്മുടെ തോളിൽ കൈയ്യിട്ട് സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം നമ്മെ കൂട്ടിക്കൊണ്ടുപോയി രസകരവും വിജ്ഞാനപ്രദവുമായ കാഴ്ചകളിലെല്ലാം നമ്മെ പങ്കാളിയാക്കുന്ന ഒരു ചങ്ങാതിയെയാണ് യാത്രാവിവരണങ്ങളിൽ കാണേണ്ടത്. മലയാളത്തിൽ അതിന് ഉത്തമ മാതൃക എസ്. കെ. പൊറ്റെക്കാട്ടാണ്.

**സഞ്ചാരസാഹിത്യം മലയാളത്തിൽ**
**(പ്രൊഫ. വി. രമേഷ്ചന്ദ്രൻ)**

## ഉപന്യാസം തയ്യാറാക്കാം

**എസ്. കെ. പൊറ്റെക്കാട്ടിന്റെ സഞ്ചാരസാഹിത്യത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?**

കുട്ടികളെ ഗ്രൂപ്പാക്കി മാറ്റുന്നു.
വ്യക്തിപരമായി വിവരങ്ങൾ ശേഖരിക്കുന്നു.
ഉചിതമായ ഉദാഹരണങ്ങൾ കണ്ടെത്തുന്നു.
ഗ്രൂപ്പിൽ രചന
മെച്ചപ്പെടുത്തൽ
അവതരണം

### ഉപന്യാസം

- തലക്കെട്ട്
- വിഷയവുമായി ബന്ധപ്പെട്ട പരമാവധി ആശയം ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട്.
- ഉചിതമായ ഭാഷയിൽ ആശയവ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

### എസ്. കെ. യുടെ സഞ്ചാരസാഹിത്യത്തിന്റെ പ്രത്യേകതകൾ

- അനുവാചകരെ തന്നോടൊപ്പം കൂട്ടിക്കൊണ്ടുപോകുന്ന അവതരണരീതി
- താൻ സഞ്ചരിച്ച നാടുകളിലെ മനുഷ്യരെയും കാഴ്ചകളെയും ചരിത്രത്തെയും സംസ്കാരത്തെയും ആചാരത്തെയുമൊക്കെ പരിചയപ്പെടുത്തുന്നു.
- ഭാഷയുടെ സൗന്ദര്യം
- വർണനകൾ
- രസകരമായ അവതരണങ്ങൾ
- നർമബോധം
- കേരളവുമായി താരതമ്യം ചെയ്യുന്ന രീതികൾ
- മുഖംമൂടികളില്ലാത്ത പച്ച മനുഷ്യരെ അന്വേഷിച്ചു.
- ഉദാത്തമായ മനുഷ്യസ്നേഹം
- മനം മയങ്ങിപ്പോകുന്ന പ്രകൃതിസ്നേഹി
- സൂക്ഷ്മമായ നിരീക്ഷണപാടവം
- പ്രാചീനസംസ്കാരത്തിന്റെ ഉറവകൾ തേടിയുള്ള യാത്രകൾ
- അതാത് പ്രദേശത്തിന്റെ ഭാഷ, വേഷം, ഭക്ഷണം എന്നിവയെല്ലാം മനസ്സിലാക്കിക്കൊണ്ടുള്ള യാത്രകൾ.
- ദേശാന്തരഗമനം നടത്തുന്ന പറവകളെപ്പോലെ ലോകമെങ്ങും സഞ്ചരിക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്ന ഒരു നാടോടിയുടെ മനസ്സാണ് പൊറ്റെക്കാട്ടിനുള്ളത്.

## അനുബന്ധപ്രവർത്തനം

- **ടാഗോർ സ്മൃതി**

കുട്ടികൾക്ക് രവീന്ദ്രനാഥടാഗോറിനെക്കുറിച്ച് കൂടുതൽ ധാരണ ലഭിക്കുന്നതിനുവേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്താം. ടാഗോർ സ്മൃതിപ്രഭാഷണം, കഥയരങ്ങ് തുടങ്ങിയവ.

സർഗവേളയിലോ, വിദ്യാരംഗം കലാസാഹിത്യവേദിയുടെ നേതൃത്വത്തിലുള്ള പരിപാടിയിലോ ടാഗോർ സ്മൃതി നടത്താം.

- **വ്യത്യസ്തരൂപങ്ങളിൽ പുനരാവിഷ്കരിക്കാം**

കുട്ടികൾ 'മരുഭൂമിയുടെ ആത്മകഥ'യുടെ ഭാഗം വായിച്ച് ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി ചിത്രം, കവിത, വർണന എന്നിങ്ങനെ വ്യത്യസ്തരൂപങ്ങളിൽ ആവിഷ്കരിച്ച് ക്ലാസിൽ അവതരിപ്പിക്കട്ടെ.

- **സന്ദർഭങ്ങൾ കണ്ടെത്താം**

വി. മുസഫർ അഹമ്മദിന്റെ മരുഭൂമിയുടെ ആത്മകഥയിലെ ഭാഗം കുട്ടികൾ സ്വന്തമായി വായിക്കട്ടെ. കാഴ്ചകൾ ദൃശ്യാനുഭവമാക്കി മാറ്റുന്ന സന്ദർഭങ്ങൾ കണ്ടെത്തുക.

ഉദാ :

» യാത്രികൻ അനന്തമായ മണൽപ്പരപ്പിലൂടെ ഉന്മാദിയെപ്പോലെ നടക്കുന്നതിനിടയിലായിരിക്കും പെട്ടെന്ന് ഇരുട്ടിന്റെ പരശ്ശതം കമ്പളങ്ങൾ പുതപ്പിച്ച് സൂര്യൻ പിൻവാങ്ങുക.

» അസ്തമയരശ്മികൾ മണൽപ്പരപ്പിൽ അസംഖ്യം പതാകകൾ തീർക്കും.

» ഒട്ടകക്കൂട്ടങ്ങളും ആട്ടിൻപറ്റങ്ങളും അവയെ തെളിച്ചുപോകുന്നവരും നിഴലുകളായി മാറും.

വരികളിലാവിഷ്കരിച്ചിരിക്കുന്ന ഇത്തരം ദൃശ്യങ്ങളെ കുട്ടികൾ അവരുടേതായ രീതിയിൽ പുനരാവിഷ്കരിച്ച് ക്ലാസിൽ അവതരിപ്പിക്കട്ടെ. (ചിത്രം, കവിതകൾ, വർണനകൾ...)

### വി. മുസഫർ അഹമ്മദ്



മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ ജനനം. പത്രപ്രവർത്തകൻ. മയിലുകൾ സവാരിക്കിറങ്ങിയ ചെരുവിലൂടെ, ബങ്കറിനരികിലെ ബുദ്ധൻ, മരുഭൂമിയുടെ ആത്മകഥ (യാത്രാവിവരണം). 2010ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. മരുഭൂമികളിലൂടെ നടത്തിയ യാത്രാനുഭവങ്ങളുടെ ഹൃദ്യമായ ആവിഷ്കാരമാണ് മരുഭൂമിയുടെ ആത്മകഥ. പ്രദേശങ്ങളുടെ ചരിത്രവും സംസ്കാരവും ജീവിതവും കാലാവസ്ഥയും ഒക്കെ കാവ്യാത്മകത നിറഞ്ഞ വരികൾകൊണ്ടും വാങ്മയചിത്രങ്ങൾ കൊണ്ടും ഈ പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നുണ്ട്. വൈകാരിക ഭാവങ്ങൾ ചേർത്തുകൊണ്ടുള്ള ഈ അവതരണം കാഴ്ചയുടെ പുതിയ അനുഭൂതികളിലൂടെ വായനക്കാരനെ കൊണ്ടുപോകുന്നു.

## ചിഹ്നങ്ങൾ കണ്ടെത്താം

പാഠപുസ്തകത്തിലെ പ്രവർത്തനത്തിൽ നൽകിയ ചിഹ്നങ്ങളിലെ വ്യത്യാസം കുട്ടികൾ കണ്ടെത്തി, അവ വാക്യങ്ങൾക്ക് നൽകുന്ന അർഥവ്യത്യാസം സ്വന്തമായി വിശദീകരിക്കട്ടെ. മറ്റ് സന്ദർഭങ്ങൾകൂടി കണ്ടെത്തി അവയുടെ ഉപയോഗം തിരിച്ചറിയുന്നു.

### പ്രധാന ചിഹ്നങ്ങൾ

| | ചിഹ്നം | ഉപയോഗം |
|---|---|---|
| പൂർണവിരാമം | . | വാക്യം അവസാനിച്ചു എന്നു സൂചിപ്പിക്കുന്നു. |
| ചോദ്യചിഹ്നം | ? | ചോദ്യം സൂചിപ്പിക്കുന്നു. |
| ആശ്ചര്യചിഹ്നം | ! | ഉത്തരം പ്രതീക്ഷിക്കാത്ത ചോദ്യരൂപത്തിലുള്ള വാക്യങ്ങൾക്ക്. ആശ്ചര്യം, വെറുപ്പ്, സന്തോഷം, സങ്കടം, പരിഹാസം തുടങ്ങി അമിതമായ വികാരപ്രകടനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കാറുണ്ട്. |
| അൽപ്പവിരാമം | , | ഒരു വിഭാഗത്തിൽപ്പെട്ട ഒന്നിലധികം പദങ്ങൾ എഴുതുമ്പോഴും സംബോധനയ്ക്കുശേഷവും അംഗവാക്യങ്ങൾ വേർതിരിക്കുമ്പോഴും സംഭാഷണം എഴുതുമ്പോൾ ഭാഗികമായി നിർത്തൽ ഉള്ളപ്പോഴും ഉപയോഗിക്കുന്നു. |
| ഉദ്ധരണി | ‘ & ’ | സംഭാഷണങ്ങൾ, ഉദ്ധരണികൾ ഉപയോഗിക്കുമ്പോൾ |
| ഭിത്തിക | : | അന്യഭാഷണം അവതരിപ്പിക്കുന്നതിനുമുമ്പ് |
| | | വിശദീകരണം വേണ്ടിവരുമ്പോൾ |
| | | സംഭാഷണം എഴുതുമ്പോൾ പറയുന്നവരുടെ പേരിനുശേഷം |
| അർധവിരാമം | ; | ആശയം ഏറെക്കുറേ പൂർണമാണ്. പക്ഷേ, അൽപ്പംകൂടി പറഞ്ഞാൽ മാത്രമേ കർത്താവ് ഉദ്ദേശിച്ച ആശയം പൂർത്തിയാവൂ. ഇത്തരം സന്ദർഭങ്ങളിൽ അർധവിരാമം ഉപയോഗിക്കുന്നു. |
| രേഖ | _ | പറഞ്ഞു കഴിഞ്ഞതുതന്നെ മറ്റൊരു തരത്തിലും വിശദീകരിക്കുമ്പോൾ. |
| വലയം | ( ) | ഒരു വാക്യത്തിനിടയിൽ മറ്റൊരു പദമോ വാക്യമോ വർഷമോ ചേർക്കുമ്പോൾ, വാക്യത്തിനിടയിൽ ചില പദങ്ങളുടെ അർഥം സൂചിപ്പിക്കുമ്പോൾ |

*(അവലംബം : മലയാളത്തിന്റെ എഴുത്തുരീതി)*

## വിഷ്വൽ ട്രാവലോഗുകൾ തയ്യാറാക്കാം

കുട്ടികൾ അവർക്ക് ഇഷ്ടപ്പെട്ട ട്രാവലോഗുകൾ ഏതൊക്കെയാണെന്ന് പറയട്ടെ.

**? അവയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?**

ക്ലാസ് തല ചർച്ച. ടീച്ചറുടെ ക്രോഡീകരണം

## വിഷ്വൽ ട്രാവലോഗുകൾ, റീൽസ്, ഷോട്സ്

വിഷ്വൽ ട്രാവലോഗുകൾ യാത്രകളെ ദൃശ്യഭാഷയിൽ അവതരിപ്പിക്കുന്ന രീതിയാണ്. ചെറിയ വീഡിയോകളായി അവതരിപ്പിക്കുന്ന രീതിയാണ് റീൽസ്, ഷോട്സ് തുടങ്ങിയവ. 60 സെക്കന്റ് നീളമുള്ള റീലുകളാണ് സാധാരണയായി അവതരിപ്പിക്കുക. Youtube-ൽ ചെറുവീഡിയോകളായി അവതരിപ്പിക്കുന്ന രീതിയാണ് ഷോട്സുകൾ.

ഇവയോരോന്നും ചിത്രീകരിക്കുമ്പോൾ പ്രത്യേകമായ മുന്നൊരുക്കങ്ങൾ നടത്തണം. ദൃശ്യവൽക്കരിക്കാനുപയോഗിക്കുന്ന വിഷയത്തിന്റെ മേഖല, വ്യാപ്തി, വലുപ്പം, സമയം എന്നിവ പ്രധാനമാണ്.

- ഓരോ ഘട്ടവും വ്യക്തമായി ആസൂത്രണം ചെയ്യണം.
- തിരഞ്ഞെടുക്കുന്ന വിഷയത്തിന്റെ വ്യാപ്തി, വലുപ്പം, സമയം എന്നിവ പരിഗണിച്ച് രൂപരേഖ തയ്യാറാക്കുക.
- സ്ക്രിപ്റ്റ് തയ്യാറാക്കണം - സ്റ്റോറിബോർഡ് തയ്യാറാക്കാം .
- നിർബന്ധമായും ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ തീരുമാനിക്കണം.
- ദൃശ്യങ്ങൾ തെരഞ്ഞെടുക്കുന്നതിൽ ഔചിത്യം പാലിക്കണം.
- ആകർഷകമായവ തെരഞ്ഞെടുക്കണം.
- അവതരണരീതിയെക്കുറിച്ച് ധാരണയുണ്ടാവണം.
- ചിത്രീകരണത്തിനാവശ്യമായ ഒരുക്കങ്ങൾ നടത്തണം.
- ക്യാമറ സാധ്യതകൾ, വിവിധ ദൃശ്യരൂപങ്ങൾ തിരിച്ചറിയൽ (ക്ലോസപ്പ്, ലോങ്ഷോട്സ്, മിഡിൽ ഷോട്സ്, സ്റ്റിൽ...) സ്ഥലം, ചരിത്ര സാംസ്കാരിക പശ്ചാത്തലം, പ്രകൃതിദൃശ്യങ്ങൾ
- മറ്റ് സന്ദർഭങ്ങൾ എന്നിവ തീരുമാനിക്കണം.
- ആവശ്യമായ വിവരണം, ശബ്ദമിശ്രണം, ആനിമേഷൻ സാധ്യതകൾ.
- എഡിറ്റിങ്ങ് ശ്രദ്ധിക്കണം.
- ഫലപ്രദമായ എഡിറ്റിങ്ങ് ആപ്പ് ഉപയോഗപ്പെടുത്താം.
- സംക്ഷിപ്തത
- ആകർഷകത്വം

മുകളിൽ നൽകിയ വിവരങ്ങൾ പരിഗണിച്ചുകൊണ്ട് കുട്ടികൾ അവരുടെ നാടിനെ പരിചയപ്പെടുത്തുന്ന വിഷ്വൽ ട്രാവലോഗ് തയ്യാറാക്കട്ടെ. കുട്ടികളുടെ പ്രാദേശികാനുഭവവുമായി ബന്ധപ്പെടുത്തി പ്രവർത്തനം പൂർത്തീകരിക്കാനുള്ള സ്വാതന്ത്ര്യം ഇവിടെ ഉണ്ട്.

കുട്ടികളുടെ ഗ്രൂപ്പ് രൂപീകരണം, ഗ്രൂപ്പുതല ചർച്ച, ആസൂത്രണം, നിർവഹണം, അവതരണം

മികച്ചവ സ്കൂളിൽ പൊതുവായി അവതരിപ്പിക്കട്ടെ. ഇവ അവതരിപ്പിക്കുന്നതിനു മുന്നോടിയായി പോസ്റ്റർ, നോട്ടീസ് എന്നിവ തയ്യാറാക്കാം. പ്രദർശനം ഒരു പ്രോഗ്രാമായി സംഘടിപ്പിക്കാം.

## യാത്രാവിവരണപ്പതിപ്പ് തയ്യാറാക്കാം

**കുട്ടികൾ വ്യത്യസ്തമായ ഉദ്ദേശ്യങ്ങളോടുകൂടി നടത്തിയ യാത്രകൾ ഏതൊക്കെയാണെന്ന് ചർച്ച ചെയ്യുന്നു. ഇവയിൽ ഏറ്റവും ആകർഷകമായതോ മനസ്സിൽ തങ്ങിനിൽക്കുന്നതോ ആയവ ഏതാണെന്ന് കണ്ടെത്തുന്നു. ഇവ യാത്രാനുഭവമായി എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?**

- യാത്രാസ്ഥലം, പ്രത്യേകതകൾ, യാത്രാനുഭവങ്ങൾ എന്നിവയൊക്കെ അവതരിപ്പിക്കാം.
- അവതരണത്തിലെ വൈവിധ്യം
- ഉചിതവും ആകർഷകവുമായ ഭാഷ
- ആവശ്യമായ വിവരണം
- സമഗ്രത
- 

### പതിപ്പ് തയ്യാറാക്കുമ്പോൾ

- പത്രാധിപസമിതി (എഡിറ്റോറിയൽ ബോർഡ്)
- ഉചിതമായ രീതിയിൽ ക്രമീകരണം
- ആകർഷകത്വം
- ആവശ്യമായ ചിത്രങ്ങൾ
- അടിക്കുറിപ്പുകൾ
- രൂപകല്പന (ലേ ഔട്ട്)
- ആമുഖം

ഇവ ഡിജിറ്റൽപതിപ്പ് രൂപത്തിലും ആവിഷ്കരിക്കാം. പതിപ്പിന്റെ പ്രകാശനം ക്ലാസ്തലത്തിൽ സംഘടിപ്പിക്കണം.

## കവിതയിലേക്ക്

### ലിങ്ക് വിശദീകരണം – ആശയം കണ്ടെത്താം

ടീച്ചർ ലിങ്ക് പ്രദർശിപ്പിക്കുന്നു.

ഇളംകാറ്റിൽ തൂവലുകൾ മണ്ണിലേക്ക്

പറവയുടെ വഴികൾ തെളിയുന്നു.

പറവയുടെ യാത്രയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?

യാത്രയ്ക്കിടയിൽ ഉണ്ടാകുന്ന പ്രതിസന്ധികളെ അവ അതിജീവിക്കുന്നത് എങ്ങനെയാണ്?

ചോദ്യങ്ങൾ ഉന്നയിക്കുന്നു.

ചർച്ച

### ക്രോഡീകരണം

യാത്രകൾ അനുഭവവും അറിവും അനുഭൂതിയും പ്രദാനം ചെയ്യുന്നവയാണ്. ഇളംകാറ്റിൽ തൂവലുകൾ കൊഴിഞ്ഞുപോകുന്നത് പരിഗണിക്കാതെ പറവകൾ അവയുടെ ലക്ഷ്യംനോക്കി പറക്കാറുണ്ട്. യാത്രകളിൽ പല പ്രതിസന്ധികളും പ്രയാസങ്ങളും നേരിടാറുണ്ട്. എന്നാൽ അതെല്ലാം അതിജീവിച്ച് യാത്ര തുടരുകതന്നെ ചെയ്യും. യാത്രകളിലൂടെ ലഭിക്കുന്ന അനുഭവങ്ങളെല്ലാം ജീവിതപാഠങ്ങളായി മാറി നമുക്ക് വെളിച്ചം നൽകും.

## സ്മാരകം

വീരാൻകുട്ടിയുടെ സ്മാരകം എന്ന കവിത അപ്പൂപ്പൻതാടിയുടെ പറക്കത്തെക്കുറിച്ചാണ്. പ്രതീക്ഷകളുടെ ഭാരമില്ലാതെ വിത്തിനെയും മടിയിൽവെച്ച് അത് പറക്കുന്നു. ധീരമെങ്കിലും എളിയ ആ ശ്രമം സാർഥകമാവുന്നത്, അത് വീണിടത്ത് നാളെ ആരുമറിയാതെ ഒരു മരം ഉയർന്നുവന്ന് തണൽ വിരിക്കുമ്പോഴാണ്, ഒരു സ്മാരകമായി മാറുമ്പോഴാണ്. തന്റെ യഥാർഥശക്തിയെയും കഴിവിനെയും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം വഴികൾ കണ്ടെത്തി മുന്നോട്ട് പോകുന്നവർക്ക് കാലത്തെയും അതിജീവിച്ചു മുന്നോട്ടുപോകാൻ കഴിയുമെന്ന ജീവിതപാഠമാണ് അപ്പൂപ്പൻതാടിയുടെ ജീവിതയാത്ര നമ്മെ ഓർമ്മിപ്പിക്കുന്നത്.

## വായിക്കാം കണ്ടെത്താം

കുട്ടികൾ വ്യക്തിഗതമായും ഗ്രൂപ്പായും കവിത വായിച്ച് വിശകലനം ചെയ്യുന്നു.

കവിത വിശകലനം ചെയ്യാനായി ഓരോ സംഘത്തിനും ഒന്നോ രണ്ടോ ചോദ്യങ്ങൾ നൽകാം. കുട്ടികൾ ഉത്തരം കണ്ടെത്തി പൊതുവായി അവതരിപ്പിക്കട്ടെ. അപ്പൂപ്പൻതാടിയുടെ പറക്കത്തെ വിനീതമായ ഒരു ശ്രമമായി കാണണം. കവി ഇങ്ങനെ പറയാൻ കാരണമെന്താവാം?

- **ചിറകുകളില്ല. ദേശാന്തരം വിധിച്ചിട്ടില്ല. ആകാശവും സ്വന്തമല്ല. എന്നിട്ടും അത് പറക്കുന്നു. ഈ വരികൾ സൂചിപ്പിക്കുന്നതെന്ത്?**
- **കുഞ്ഞിനെ എന്നപോലെ വിത്തിനെ മടിയിൽവച്ച് എന്ന പ്രയോഗത്തിന്റെ പൊരുൾ എന്ത്?**
- **അറിവില്ലായ്മയുടെ ഭാരക്കുറവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?**
- **ധീരമെങ്കിലും എളിയ ശ്രമം എന്നാണ് അപ്പൂപ്പൻ താടിയുടെ പറക്കലിനെ കവി വിശേഷിപ്പിക്കുന്നത്?**
- **ഈ വിശേഷണം നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം?**

ഇത്തരം ചോദ്യങ്ങൾ കുട്ടികളുടെ ഗ്രൂപ്പിൽ ഉന്നയിക്കാം.

ഗ്രൂപ്പിൽ ചർച്ചചെയ്ത് കുട്ടികൾ ഉത്തരം കണ്ടെത്തി അവതരിപ്പിക്കട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു.

### പാഠവിശകലനം

- പ്രകൃതിയിൽനിന്നുള്ള കൗതുകങ്ങളും കാഴ്ചകളും ബിംബങ്ങളും അനുഭവങ്ങളും അതിസൂക്ഷ്മമായി അവതരിപ്പിക്കുന്ന കവിയാണ് വീരാൻകുട്ടി. അത്തരമൊരു കവിതയാണ് സ്മാരകം. അപ്പൂപ്പൻതാടിയുടെ യാത്രയാണ് കവി ഇവിടെ പ്രമേയമായി സ്വീകരിച്ചിരിക്കുന്നത്.
- ഒരു ചോദ്യത്തിനുള്ള ഉത്തരമായോ, അഭിപ്രായമായോ അവതരിപ്പിക്കുന്ന രീതിയിലാണ് കവിത ആരംഭിക്കുന്നത്. തുടർന്ന് ഇങ്ങനെയൊരു അഭിപ്രായമുണ്ടാകാൻ കാരണമെന്തെന്ന് വ്യക്തമാക്കുന്നു.
- അപ്പൂപ്പൻതാടിക്ക് ചിറകുകളില്ല. ദേശാന്തരയാത്രകൾ വിധിച്ചിട്ടില്ല. അതിന് സ്വന്തമായ ഒരകാശവുമില്ല എന്നിട്ടും അത് താനായി നിൽക്കാൻപോകുന്ന തന്റെ വിത്തിനെയും കരുതിക്കൊണ്ട് പറക്കുന്നു.
- അപ്പൂപ്പൻതാടിയുടെ ഈ പറക്കൽ വിനീതമായ ഒരു ശ്രമമായി അവതരിപ്പിക്കുന്നത്, സാധാരണയായി പറക്കുന്നവയ്ക്കുണ്ടാകുന്ന വലിയ ലോകങ്ങളുടെ സാധ്യതകളില്ലാത്തതുകൊണ്ടാണ്. ചിറക്, ആകാശം, ദേശാന്തരം എന്നിവയെല്ലാം പറക്കുന്നവയുടെ സാധ്യതകളും സ്വാതന്ത്ര്യവുമാണ്.

- ഒരമ്മ തന്റെ കുഞ്ഞിനെയും മടിയിൽവെച്ച് യാത്ര ചെയ്യുന്നതുപോലെ വളരെ ശ്രദ്ധയോടെയും കരുതലോടെയുമാണ് അപ്പൂപ്പൻതാടി തന്റെ വിത്തിനെയും മടിയിൽവെച്ച് പറക്കുന്നത്. പറക്കുന്നവയുടെ സ്വാതന്ത്ര്യവും സാധ്യതയും ഇല്ലെങ്കിലും ഒരു കാലത്ത് താനില്ലാതെയാവുമ്പോൾ താനായി മാറാൻ സാധ്യതയുള്ള വിത്തിനെയും വഹിച്ചുകൊണ്ടാണ് ആ പറക്കൽ.
- പുറത്തുനിന്നുള്ള അറിവോ പ്രചോദനമോ സ്വാധീനമോ അതിനില്ല. മറ്റുള്ളവരുടെ പ്രതീക്ഷയോ സ്വപ്നമോ സ്തുതിഗീതമോ അതിനെ അലട്ടുന്നില്ല. 'അതു കാണും സ്വപ്നത്തിലെ മരത്തിന്റെ തണലിൽ നാളെയൊരാൾ വന്നിളവേൽക്കും എന്ന കവിത അതിനറിയില്ല' - എന്ന വരികൾ സൂചിപ്പിക്കുന്നത് ബാഹ്യമായ ഇത്തരം പ്രതീക്ഷകളെക്കുറിച്ചാണ്. (ഇവിടെ കവി സാങ്കല്പികമായി കവിതയിലെ വരികൾ എന്ന രീതിയിൽ എഴുതിയതാണ്. ഇത് ഈ കവിതയിലെ വരികൾ തന്നെയാണ്).
- അറിവില്ലായ്മയുടെ ഭാരക്കുറവ് എന്ന പ്രയോഗം ശ്രദ്ധിക്കുക. നാം ജീവിക്കുന്ന ലോകത്ത് നമ്മെക്കുറിച്ച് മറ്റുള്ളവർക്ക് ഏറെ പ്രതീക്ഷകളും സ്വപ്നങ്ങളും കാണാം. അത് നമ്മളിലേക്കും വലിയ ഒരു ഭാരമായി മാറുന്നു. സൈദ്ധാന്തികമായ വലിയ അറിവുകളോ ബാധ്യതകളോ ചുമക്കാതെ വളരെ ലളിതമായി ജീവിക്കാൻ കഴിയുക എന്നത് പ്രധാനമാണ്. അപ്പൂപ്പൻതാടിയെ വലിയ പ്രതീക്ഷകളോ സ്വപ്നങ്ങളോ അറിവുകളുടെ ഭാരമോ അലട്ടുന്നില്ല. അതിനെ പക്ഷിയെന്ന് വിളിക്കാത്തത് നാം അതിനോട് കാണിക്കുന്ന വലിയ ഒരു കരുണയാണെന്നും അതിലൂടെ അപ്പൂപ്പൻതാടിക്ക് കുറച്ചു ദൂരംകൂടി യാത്ര ചെയ്യാനാവുമെന്നും കരുതുന്നു.
- മറ്റൊരാളുടെ സ്വാധീനത്തിൽ ഉൾപ്പെടാതെ തന്റേതായ ഇഷ്ടത്തിനൊത്ത് ജീവിക്കുന്നവർക്ക് പ്രതീക്ഷകൾക്കുമപ്പുറത്തേക്ക് പോകാൻ കഴിയും.
- അപ്പൂപ്പൻതാടിയുടെ പറക്കത്തെ കാവ്യാരംഭത്തിൽ വിനീതമായ ശ്രമമെന്നാണ് സൂചിപ്പിച്ചതെങ്കിൽ, അവസാനഘട്ടത്തിൽ ധീരമെങ്കിലും എളിയ അതിന്റെ ശ്രമം എന്ന രീതിയിൽ മാറ്റുന്നുണ്ട്. അറിവില്ലായ്മയുടെ ഭാരക്കുറവിൽ പറക്കുന്ന അപ്പൂപ്പൻതാടിയുടെ ശ്രമം ധീരമായി മാറുന്നത് നൈസർഗികമായ ശക്തി തിരിച്ചറിഞ്ഞ് സ്വന്തം വഴിയിൽ മുന്നേറുന്നതുകൊണ്ടാണ്. വീണുപോകുന്നിടത്തുപോലും അതില്ലാതാകുന്നില്ല. അവിടെ അത് ഒരു മരമായി ഉയർന്നുവരും. ഈ വളർച്ചപോലും ആരുമറിയാതെയാവും. എല്ലാവർക്കും തണൽ വിരിക്കുന്ന മരമായി മാറി, പുതിയ ദിശകളിലേക്ക് അപ്പൂപ്പൻതാടി അതിന്റെ യാത്ര തുടരും. പുതിയ പുതിയ ദിശകളിലേക്ക്, പുതിയ അപ്പൂപ്പൻതാടികളെ പറത്തുന്ന മരമാകുന്നതോടെ കവിതയിലെ ഈ അപ്പൂപ്പൻതാടി ഒരു സ്മാരകമായി എന്നും നിലനിൽക്കും. അങ്ങനെ അത് കാലത്തെ അതിജീവിക്കും എന്ന് കവി പറയുന്നു.
- കവിത പരിചയപ്പെടുത്തുമ്പോൾ മനസിൽ തെളിഞ്ഞുവരുന്ന അവരവരുടെ കാഴ്ചപ്പാടുകൾകൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ?

## വീരാൻകുട്ടി



കോഴിക്കോട് ജില്ലയിലെ നരയംകുളത്ത് ജനനം. മടപ്പള്ളി ഗവ. കോളേജിൽ മലയാള വിഭാഗം മേധാവിയായിരുന്നു. ജലഭൂപടം, മാന്ത്രികൻ, ഓട്ടോഗ്രാഫ്, തൊട്ടുതൊട്ടു നടക്കുമ്പോൾ, മൺവീറ്, ഇനിയുള്ള ദിവസങ്ങൾ, മിണ്ടാപ്രാണി തുടങ്ങിയ കൃതികൾ. മിണ്ടാപ്രാണിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് (2017) ലഭിച്ചു. കവിതകൾ വിവിധ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

എഴുത്തിന്റെ വഴികൾ

## പ്രകൃതി പണിയുന്ന അദൃശ്യസ്മാരകങ്ങൾ

തോടും വയലും മലയും ഉൾച്ചേർന്ന എന്റെ ഗ്രാമ ജീവിതപരിസരത്തിൽനിന്നാവണം പ്രകൃതി ബിംബങ്ങൾ കവിതയിലേക്ക് കടന്നുവരുന്നത്. ഉമ്മയിൽനിന്നു പകർന്നുകിട്ടിയ പരിസ്ഥിതി ബോധവും കരുണയും അതിൽ കലർന്നിട്ടുണ്ടാവണം. പിൽക്കാലത്ത് മാവൂരിലും പ്ലാച്ചിമടയിലും നടന്ന പരിസ്ഥിതി സമരങ്ങൾ, നിശ്ശബ്ദവസന്തം പോലുള്ള കൃതികളുടെ വായന തുടങ്ങിയവ എന്നിലെ പ്രകൃതിചിന്തയെ തീക്ഷ്ണമാക്കുകയുണ്ടായി. പുല്ലിനും പുഴുവിനും പുഴയ്ക്കും വേണ്ടിയുള്ള നേർത്ത ഒച്ചയിലുള്ള പ്രാർഥനകളായി കവിത മാറുന്നതങ്ങിനെയാണ്.

ജീവിഗണങ്ങൾ, മരങ്ങൾ, വസ്തുക്കൾ തുടങ്ങി പ്രകൃതിയിലുള്ളതിലെല്ലാം കവിത തിരഞ്ഞുനടക്കുന്നത് ശീലമായി. അതിൽതന്നെ ചെറുതുകളോട് സവിശേഷമായ ഒരു പ്രിയം ഉണ്ടായി. മുക്കുറ്റിപ്പൂവ്, കുഞ്ഞുപുല്ലുകൾ, അപ്പൂപ്പൻതാടി, തൊട്ടാവാടി എന്നിങ്ങനെ ചെറുതുകളുടെ ഒരു സിംഫണി അറിയാതെതന്നെ രൂപപ്പെട്ടു. ഭാരരഹിതവും നിരുപാധികവുമായ ജീവിതപാഠങ്ങൾ അവ പഠിപ്പിച്ചു. ചെറുതായിരിക്കുന്നതിന്റെ സൗഖ്യം പകർന്നുതന്നു.

'അതിജീവന'മെന്ന കവിതയിൽ കുഞ്ഞുപുല്ലിന് കരുത്തു പകരുന്നത് ദുർബലശരീരികളായ കൊന്നയും ഉങ്ങുമരവുമാണ്. തടിബലംകൊണ്ടും കരുത്തുകൊണ്ടുമല്ല, പൂവുകൊണ്ടും ഇലക്കുളിർപ്പുകൊണ്ടുമാണ് അവ അതിജീവിക്കുന്നത്. വലുപ്പത്തെ, കരുത്തിനെ അവിശ്വസിക്കുകയും പകരം ചെറുതിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുന്ന ഒരു കാവ്യവഴിയിലൂടെ സഞ്ചരിക്കാനാണ് എനിക്കിഷ്ടം. കുട്ടിക്കാലത്ത് ചെറുതായിരുന്നതിന്റെ പേരിൽ അനുഭവിച്ച വേദനകളുടെ ഓർമ്മ അബോധത്തിൽകിടന്ന് എന്നെ അങ്ങനെ രൂപപ്പെടുത്തുന്നതാവാം. ബലവാന്മാർ വാഴുന്ന ഈ ലോകം ചെറിയവർക്കു കൂടി അവകാശപ്പെട്ടതാണെന്ന രാഷ്ട്രീയബോധം എന്നെക്കൊണ്ട് എഴുതിക്കുന്നതാവാം. ചെറുതാണു മനോഹരം എന്ന സൗന്ദര്യശാസ്ത്രചിന്തയും അതിനടിയിൽ കിടപ്പുണ്ടാകാം. എനിക്കു തിരിച്ചറിയാനാകാത്ത അജ്ഞാതകാരണങ്ങളും അതിനുപിന്നിൽ ഉണ്ടായേക്കാം.

അപ്പൂപ്പൻതാടി പറക്കുന്നതുനോക്കി പിടിക്കാൻ പിറകേ പോയ ബാല്യം എനിക്കുമുണ്ടായിരുന്നു. 'അപ്പൂപ്പന്റെ താടി' എന്ന മട്ടിൽ ആലോചിക്കുമ്പോൾ ആ വാക്കിൽ ഒളിഞ്ഞിരിക്കുന്ന ഭാഷാകേളിയും ഓർത്തുനോക്കിയിട്ടുണ്ട്.

> "അപ്പൂപ്പൻ താടിയിലുപ്പിട്ടു കെട്ടി
> അമ്മൂമ്മ വന്നപ്പോൾ അഴിച്ചിട്ടു കെട്ടി"

എന്ന നാടോടിക്കവിതയിൽ രസം പിടിച്ചിരുന്നിട്ടുണ്ട്. എന്നാൽ എന്നെ ഏറെ ആകർഷിച്ചത് അതിന്റെ ഭാരരഹിതമായ പറക്കൽ തന്നെയാണ്. വിത്തുവിതരണത്തിലൂടെ വംശവർധനക്കായുള്ള യാത്രയാണതെന്നറിയുമ്പോൾ നമുക്കതിനോടാദരവ് തോന്നുന്നു. അതോടെ കാവ്യബിംബമാകാനുള്ള ക്ഷമത കൈവരിച്ച് അപ്പൂപ്പൻ താടി ചിദാകാശത്ത് പ്രവേശിച്ചുകഴിഞ്ഞു. പിന്നെ ഒരു നിമിത്തമേ വേണ്ടു കവിതയായി മാറാൻ.

പ്രതിമകൾ, സ്മൃതികുടീരങ്ങൾ, സ്മരണാലയങ്ങൾ, സ്മൃതിചത്വരങ്ങൾ - എല്ലാം ചേർത്തു വിചാരിക്കുമ്പോൾ ഈ ലോകം സ്മാരകങ്ങളുടെ ഒരു ശ്മശാനമെന്നു തോന്നാം. എല്ലാം വലിയവരുടെ സ്മൃതിയടയാളങ്ങളാണ്. എവിടെയാണ് ചെറിയ മനുഷ്യരുടെ സ്മൃതിമന്ദിരങ്ങൾ?

ശരണാലയങ്ങളിലെ അന്തേവാസികൾക്കു വസ്ത്രം ശേഖരിക്കാനായി ഒരു യുവാവ് പതിവായി വീട്ടിൽ വരുമായിരുന്നു. കാഴ്ചയിൽ പട്ടിണിയുടെയും രോഗത്തിന്റെയും പാടുകളുള്ള മെലിഞ്ഞ ഒരു മനുഷ്യൻ. ആ കാഴ്ച ജീവകാരുണ്യത്തിന്റെ വഴിയിൽ നിശ്ശബ്ദം ജീവിക്കുന്ന മനുഷ്യരിലേക്ക് എന്നെ

കൊണ്ടുപോയി.നാട്ടിൽ വസൂരി മരണനൃത്തം ചവിട്ടുമ്പോൾ സ്വന്തം ജീവനെ കൂസാതെ പരിചരിക്കാൻ നിന്ന മനുഷ്യരുടെ കഥ ഓർമ്മവന്നു. നാട്ടിലേക്ക് വൈദ്യുതിവെളിച്ചം കൊണ്ടുവരാൻ, പൊതുവഴി വെട്ടാൻ മുന്നിൽ നിന്ന മനുഷ്യർ! സമരപാതയിൽ ജീവൻ ഹോമിക്കപ്പെട്ട പേരില്ലാ മനുഷ്യർ!

സ്മാരകം എഴുതിക്കഴിഞ്ഞപ്പോൾ ആ കവിതയിൽ അവരെയെല്ലാം ഞാൻ കണ്ടു. നിരുപാധികമായ ജീവിതംകൊണ്ട് 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുന്നവർ'. ലോകത്തിനു തണലായി മാറുന്ന അവർക്ക്, പ്രകൃതി ഓർമ്മകൊണ്ടു പണിയുന്ന അദൃശ്യസ്മാരകങ്ങൾ മതി. വലിയ ലക്ഷ്യങ്ങളുടെ, ജ്ഞാനത്തിന്റെ,കവിതയുടെ ഒന്നും ഭാരം അവർ തലയിലേറ്റുന്നില്ല. സെൻകവിതയിലെ ജീവിതംപോലെ ഭാരരഹിതമായ യാത്ര. പക്ഷി എന്ന വിശേഷണംപോലും അതിനു താങ്ങാവുന്നതിലും അപ്പുറമാണ്. താനായിരിക്കുന്നതിന്റെ സൗഖ്യത്തിലാണതിനു സ്വസ്ഥി.

കവിത എഴുതിക്കഴിയുന്നതോടെ അതു അനുവാചകരുടെതാവും. എഴുതിയ ആൾക്ക് അതിൽ പിന്നെ അവകാശവാദങ്ങളൊന്നുമില്ല. ലളിതവും ഭാരംകുറഞ്ഞതുമായ എന്റെതന്നെ കവിതയുടെ രൂപകമായി അപ്പൂപ്പൻ താടിയെ വായിച്ചവരുണ്ട്. അതു വായനക്കാരുടെ സ്വാതന്ത്ര്യം. ക്ലാസ്സുമുറിയിൽ രൂപപ്പെടാനിരിക്കുന്ന പല മട്ടിലുള്ള പാഠനിർമ്മിതിക്ക് എന്റെ ഈ മുഖവുരപോലും ഭാരമാകുമോ എന്ന പേടിയുണ്ട്. കവിത വായിക്കുമ്പോൾ ഭാരരഹിതമായി അതിലേക്കു പ്രവേശിക്കാൻ നിങ്ങൾക്കാവട്ടെ.

ആശംസകൾ

വീരാൻകുട്ടി

## താരതമ്യം ചെയ്യാം

ലോകപ്രസിദ്ധ തത്വചിന്തകനായ സോക്രട്ടീസിന്റെ വരികൾ കുട്ടികൾക്കുവേണ്ടി എഴുതുന്നു.

'എനിക്ക് ഒന്നും അറിയില്ല എന്ന തിരിച്ചറിവാണ് ഏറ്റവും വലിയ ജ്ഞാനം.'

ഈ വരികളോട് സാമ്യമുള്ള വരികൾ സ്മാരകം എന്ന കവിതയിൽ നിന്ന് കണ്ടെത്തുക.

അറിവില്ലായ്മയുടെ ഭാരക്കുറവിൽ അത് പറക്കുന്നു.- സ്മാരകം

സോക്രട്ടീസിന്റെ വരികൾ കുട്ടികൾ വിശകലനം ചെയ്യട്ടെ.

## ക്രോഡീകരണം

അറിവിന്റെ ഒരു വലിയ ലോകത്താണ് നാം ജീവിക്കുന്നത്. ലോകത്തെക്കുറിച്ചും ചുറ്റുപാടുകളെക്കുറിച്ചും ജീവിതത്തെക്കുറിച്ചും തന്നെക്കുറിച്ചുതന്നെയും കൂടുതൽ കൂടുതൽ അന്വേഷിക്കുമ്പോഴും അറിയുമ്പോഴും നാം അത്ഭുതപ്പെട്ടുപോകും, നാം മനസ്സിലാക്കിയ അറിവുകൾ എത്ര ചെറുതാണെന്ന്. നമ്മുടെ ജീവിതകാലത്ത് നമുക്കാർജ്ജിച്ചെടുക്കാൻ കഴിയുന്ന ഈ അറിവുകൾ വളരെ കുറച്ചുമാത്രമായിരിക്കും. ഈ തിരിച്ചറിവുണ്ടാകുമ്പോഴാണ് അയാൾക്ക് എളിമയുണ്ടാകുന്നത്. ഇത് ഏറ്റവും വലിയ പാഠമായി മാറുന്നു.

സ്മാരകം എന്ന കവിതയിൽ അപ്പൂപ്പൻതാടിയുടെ പറക്കത്തെ 'അറിവില്ലായ്മയുടെ ഭാരക്കുറവിൽ അത് പറക്കുന്നു' എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. തന്റെ പരിധിയിൽ തന്റേതായ ലോകത്ത് അപ്പൂപ്പൻതാടിയും അതിന്റേതായ യാത്ര നടത്തുന്നുണ്ട്. ഭാവിയെക്കുറിച്ചുള്ള വലിയ സ്വപ്നമോ പ്രതീക്ഷയോ ആശങ്കയോ അതിന്റെ യാത്രയെ ബാധിക്കുന്നില്ല. വിനീതമെങ്കിലും ധീരമാണ് ആ ശ്രമം എന്നാണ് കവി ആ യാത്രയെ വിശേഷിപ്പിക്കുന്നത്. ഈ അറിവില്ലായ്മയുടെ ഭാരക്കുറവ് അതിനെ മുന്നോട്ട് നയിക്കുന്നു. ഇവിടെ സോക്രട്ടീസിന്റെ വരികളും കവിതാഭാഗങ്ങളും സമാനമായ ആശയമാണ് അവതരിപ്പിക്കുന്നത്.

## ആസ്വാദനം തയ്യാറാക്കുക

- കുട്ടികൾ സംഘങ്ങളായി മാറി കവിത വായിക്കട്ടെ.
- കവിതയുടെ ആശയം, പ്രയോഗങ്ങൾ, വിശേഷണങ്ങൾ, ബിംബകല്പന, കാവ്യഭാഷയുടെ പ്രത്യേകത, സമകാലികപ്രസക്തി, മറ്റു കവിതയുടെ വരികളുമായുള്ള ബന്ധം, സ്മാരകം എന്ന തലക്കെട്ടിന്റെ പ്രത്യേകത എന്നിവ ചർച്ചയിലൂടെ കണ്ടെത്തട്ടെ. അവ പൊതുവായി അവതരിപ്പിക്കുന്നു.
- പി.പി.രാമചന്ദ്രന്റെ 'ലളിതം' എന്ന കവിതയിലെ വരികളുമായി താരതമ്യം കണ്ടെത്താം.
- ഉചിതമായ ചോദ്യങ്ങൾ ടീച്ചർ ഉന്നയിക്കുന്നു. സൂചനകൾ നൽകുന്നു.
- ആസ്വാദനം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?
- ചർച്ച
- ക്രോഡീകരണം
- സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. സ്വയം വിലയിരുത്തൽ, ഗ്രൂപ്പ് വിലയിരുത്തൽ എന്നിവ നടത്തുന്നു. മെച്ചപ്പെടുത്തി എഴുതുന്നു. പൊതു അവതരണം. ഇവ പതിപ്പാക്കി മാറ്റണം.

### കവിയും കവിതയും

- പ്രമേയ സ്വീകരണത്തിൽ, കാവ്യബിംബങ്ങളുടെ തെരഞ്ഞെടുപ്പിൽ, ഭാഷയിൽ, രൂപത്തിൽ തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം വീരാൻകുട്ടിയുടെ കവിതകളിൽ ലാളിത്യം പ്രകടമായി കാണാൻ കഴിയും.
- പ്രകൃതിയിലും തന്റെ ചുറ്റുപാടിലും കണ്ടെത്തുന്ന ചെറുതും നിസ്സാരവുമായ നിരവധി വസ്തുക്കൾ കവിതയ്ക്ക് പ്രമേയമാക്കി മാറ്റിയ കവിയാണ് വീരാൻകുട്ടി.
- പുൽക്കൊടിയും ഇലയും തൊട്ടാവാടിയും സൂചിയും മെഴുകുതിരിയും അപ്പൂപ്പൻതാടിയും കുടുക്കയും സ്റ്റിക്കറും കൂണുകളുമെല്ലാം പ്രമേയമാക്കുന്നു.
- ചെറിയ വസ്തുക്കൾ മാത്രമല്ല, ചെറിയ ചലനങ്ങളും ചെറിയ ശബ്ദങ്ങളും തുടങ്ങി ചെറുതിന്റെ പല വകഭേദങ്ങൾ കവിതയ്ക്ക് വിഷയമാകുന്നു.
- 'ചെറിയ മനുഷ്യരുടെ, ചെറിയ നെഞ്ചിടിപ്പുകളുടെ, ചെറിയ അനക്കങ്ങളുടെ ഉത്കണ്ഠകളും കൊണ്ട് വീരാൻകുട്ടിയുടെ കവിത ചലിക്കുന്നുവെന്ന്' പ്രദീപൻ പാമ്പിരികുന്ന് അഭിപ്രായപ്പെടുന്നുണ്ട് (വീരാൻകുട്ടിയുടെ കവിതകളുടെ ആമുഖം)
- വേഗതയുടെ പുതിയ ലോകത്ത് അപ്രധാനമെന്നോ അവഗണിക്കേണ്ടതെന്നോവെച്ച് മാറ്റിവെക്കുന്ന വിഷയങ്ങൾ കവി തെരഞ്ഞെടുക്കുന്നു. അപ്പൂപ്പൻ താടികളെപ്പോലെ ഈ കവിതകൾ വലിയ ആശയങ്ങളുടെ വിത്തുകൾ വഹിച്ചുകൊണ്ടാണ് യാത്രചെയ്യുന്നത്.
- വീരാൻകുട്ടിയുടെ കവിതയിൽ സൂക്ഷ്മമായ രാഷ്ട്രീയം കാണാൻകഴിയും. ഇരകളുടെ, തോറ്റവരുടെ, നിഷ്ക്കാസിതരുടെ, നിസ്വരുടെ, സ്ത്രീകളുടെ, ഭൂമിയുടെ രാഷ്ട്രീയം കവി ഉയർത്തിപ്പിടിക്കുന്നു.

## സ്മാരകം – കൂടുതൽ സൂചനകൾ

- കാറ്റിലൂടെയുള്ള അപ്പൂപ്പൻതാടിയുടെ വിത്തുവിതരണം പുതിയ കാലത്തിനുള്ള ഒരാശ്വാസചിന്തയായി കവി അവതരിപ്പിക്കുന്നു.

- പ്രചാരണഘോഷങ്ങളില്ലാതെ, ആഡംബരങ്ങളും അലങ്കാരങ്ങളുമില്ലാതെ ലളിതജീവിതം എങ്ങനെയാണ് സാർഥകമാവുന്നതെന്ന് കവിത ഓർമ്മപ്പെടുത്തുന്നു.
- ഇരുണ്ടുപോകുന്ന ജീവിതയാത്രയിൽ ലളിതജീവിതം നൽകുന്ന അനുഭവപരിസരത്തിന്റെ സൗന്ദര്യം പ്രകടമാവുന്ന കവിത.
- ചെറുതെങ്കിലും അർഥപൂർണമായ ഒരു ജീവിതത്തിന്റെ ചിത്രമാണ് അപ്പൂപ്പൻതാടിയിലൂടെ കവി മുന്നോട്ടുവെയ്ക്കുന്നത്.
- സ്വന്തം കഴിവും ശക്തിയും തിരിച്ചറിഞ്ഞ് സ്വന്തം വഴികൾ കണ്ടെത്തി യാത്രചെയ്ത് മുന്നേറുന്നവർക്ക് കാലത്തെ അതിജീവിക്കാൻ കഴിയും എന്ന ആശയം കവി 'സ്മാരക'ത്തിലൂടെ അവതരിപ്പിക്കുന്നു.
- സൈദ്ധാന്തികമോ ആലങ്കാരികമോ ആയ ഭാരങ്ങളില്ലാതെ കവിതയിൽ നടത്താവുന്ന ലളിതമായ ആവിഷ്കരണത്തിന്റെ പ്രത്യേകതയെപ്പറ്റിയും ഇവിടെ സൂചിപ്പിക്കാം. അപ്പൂപ്പൻതാടിയുടെ വിനീതമായ പറക്കംപോലെ കവിത സഞ്ചരിക്കുകയും ഭാവികാലത്തും ഓർമ്മിപ്പിക്കുന്ന സ്മാരകമായി അത് മാറുകയും ചെയ്യുന്നു.
- അപ്പൂപ്പൻതാടിയെപ്പോലെ ആശയമാകുന്ന വിത്ത് ഉള്ളിൽവെച്ചുകൊണ്ടാണ് കവിത യാത്രചെയ്യുന്നത്. വിത്ത് മുളച്ച് മരമാകുന്നതോടെ, അത് യാത്രക്കാർക്കും ജീവജാലങ്ങൾക്കും താങ്ങും തണലുമാവുന്നു. അതുപോലെ കവിയെ എന്നും അടയാളപ്പെടുത്തുന്ന സ്മാരകമായി കവിത മാറുന്നു.
- 'എഴുത്തിന്റെ വഴികളിൽ' കവി സൂചിപ്പിച്ചതുപോലെ വളരെ സാധാരണക്കാരായ മനുഷ്യർ ഒന്നും പ്രതീക്ഷിക്കാതെ, നിസ്വാർഥതയോടെ നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുത്താം.
- എന്നും ഓർമ്മിപ്പിക്കുന്ന തരത്തിൽ പ്രവർത്തിച്ചവരുടെ ഓർമ്മകളാണ് സ്മാരകത്തിലേക്ക് നയിക്കുന്നത്. അപ്പൂപ്പൻതാടിയും തന്റെ മരത്തിലൂടെ അവയിലുണ്ടാകുന്ന നിരവധി അപ്പൂപ്പൻതാടികളിലൂടെ കാലത്തെ അതിജീവിക്കുന്ന സ്മാരകമായി മായുന്നു.
- മധുരമായൊരു തൂവൽകൊണ്ട്, അടയിരുന്നതിന്റെ ചൂടുകൊണ്ട് കിളികൾ അതിന്റെ മനോഹരമായ ജീവിതം അടയാളപ്പെടുത്തുന്നുണ്ട്. വലിയ ലോകത്തിൽ സ്വന്തം ലാളിത്യത്തെ ചേർത്തുപിടിച്ചുകൊണ്ട് കിളികളെപ്പോലെ സ്വന്തം ജീവിതം സുന്ദരമാക്കാൻ കഴിയില്ലേ എന്ന ചോദ്യമാണ് ലളിതം എന്ന കവിത ഉന്നയിക്കുന്നത്. ആഡംബരത്തിന്റെയും അലങ്കാരത്തിന്റെയും വലിയ ലോകങ്ങളില്ലാതെ, അതിന്റെ ഭാരങ്ങളില്ലാതെ നൈസർഗികമായ കഴിവുകളിലൂടെ ജീവിതത്തെ മനോഹരമാക്കാൻ കഴിയുമെന്ന് പി.പി.രാമചന്ദ്രൻ ഓർമ്മപ്പെടുത്തുന്നു. വീരാൻ കുട്ടിയുടെ കവിതയിലെ ആശയങ്ങൾ പി.പി.രാമചന്ദ്രന്റെ വരികളുമായി ഇഴയടുപ്പമുള്ളതാണ്.

## ലിങ്ക് വിശദീകരണം – ആശയം കണ്ടെത്താം

വഴിയോരക്കാഴ്ചകൾ കഴിയുന്നു...

ഇരുൾവീഴും വഴികളിൽ ആരുടെ കാലൊച്ച...?

ഈ വരികൾ അവതരിപ്പിക്കുന്നു.

- **വരികൾ കുട്ടികളിൽ ഉണ്ടാക്കിയ ചിന്തകൾ എന്തെല്ലാം?**
- **'വരിയോരക്കാഴ്ചകൾ കഴിയുന്നു' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?**
- **'വഴികളിൽ ഇരുൾ വീഴുക' എന്ന പ്രയോഗംകൊണ്ട് അർഥമാക്കുന്നത് എന്താണ്?**

ചർച്ച

## ക്രോഡീകരണം

സ്മാരകം എന്ന കവിതയ്ക്ക് ശേഷം ബെന്യാമിന്റെ ആടുജീവിതത്തിലെ മണൽക്കൂനകൾക്കിടയിലൂടെ എന്ന ഭാഗമാണ് നൽകിയിരിക്കുന്നത്. ഓരോ യാത്രയും യാത്രികനിലുണ്ടാക്കുന്നത് വൈവിധ്യം നിറഞ്ഞ അനുഭവങ്ങളാണ്. വിനോദത്തിനുവേണ്ടിയുള്ള യാത്രകളുണ്ടാക്കുന്ന അനുഭവമല്ല, തീർഥാടനത്തിലൂടെ ലഭിക്കുന്നത്. ചിലത് വഴിയോരക്കാഴ്ചകളായി മാഞ്ഞുപോകുന്നു. മറ്റ് ചിലത് വലിയ ജീവിതപാഠങ്ങളായി മാറുന്നു. പ്രാചീനകാലം മുതൽ അതിജീവനത്തിനും ഉപജീവനത്തിനുമായി മനുഷ്യസമൂഹം നിരന്തരം യാത്രയിൽ ഏർപ്പെട്ടുവരുന്നു. കൂടുതൽ മെച്ചപ്പെട്ട ജീവിതവഴികൾ തേടിയുള്ള യാത്രയിൽ അവർ നിരവധി പ്രതിസന്ധികളും പ്രയാസങ്ങളും നേരിടുന്നുണ്ട്. എങ്കിലും വലിയ പ്രതീക്ഷകളോടെ യാത്ര തുടരുകയാണ്. ജീവിതത്തെക്കുറിച്ച് ഇത്തരം സ്വപ്നങ്ങൾ കണ്ടുകൊണ്ട് പുതിയ വഴികളിലൂടെ യാത്രകൾ തുടരുന്നവരെ കാത്തിരിക്കുന്നത് പല അനുഭവങ്ങളാകാം. 'മണൽക്കൂനകൾക്കിടയിലൂടെ' എന്ന പാഠഭാഗം നജീബിന്റെ പ്രവാസജീവിതയാത്രയിലേക്ക് നമ്മെ നയിക്കുന്നു.

## പാഠവിശകലനം - മണൽക്കൂനകൾക്കിടയിലൂടെ

നാട്ടിൽ മണൽവാരൽ തൊഴിലാളിയായിരുന്ന നജീബ് ഏറെ പ്രതീക്ഷകളോടെ ഗൾഫിലേക്ക് പോകാനൊരുങ്ങുന്നു. കൂടെ പരിചയക്കാരനായ ഹക്കീമും. സൗദി അറേബ്യയിലെ റിയാദിൽ വിമാനമിറങ്ങിയ അവർ അർബാബിനെ കാത്തിരിക്കുന്നു. അവിടെയെത്തിയ ആൾ അർബാബാണെന്ന് കരുതി രണ്ടുപേരും അയാൾക്കൊപ്പം പോകുന്നു.

വളരെ പഴക്കം ചെന്ന വണ്ടിയിലാണവർ പോകുന്നത്. ഗൾഫിന്റെ വീഥികളിലൂടെ, വേഗം കുറഞ്ഞ വണ്ടിയിലൂടെ അവർ യാത്ര തുടരുന്നത് ഏറെ പ്രതീക്ഷകളോടുകൂടിയാണ്. അർബാബിന്റെ മോശമായ പെരുമാറ്റവും വണ്ടിയുടെ പിറകുവശത്തിരുന്നുള്ള യാത്രയുമെല്ലാം നജീബിനെ പ്രയാസപ്പെടുത്തിയെങ്കിലും ആ യാത്രയിലും ചില സന്തോഷങ്ങൾ കണ്ടെത്താൻ നജീബ് ശ്രമിക്കുന്നു. വിശപ്പും ദാഹവുമെല്ലാം ആ യാത്രയിൽ അവർക്കനുഭവപ്പെടുന്നു. താൻ സ്വപ്നം കണ്ട ഒരു ഗൾഫിലേക്കല്ല, തന്റെ യാത്ര എന്ന തോന്നലുണ്ടാകുമ്പോഴും നജീബ് സ്വയം ആശ്വസിക്കുന്ന ഭാഗവും ഇതിൽ കാണാം. അർബാബിന്റെ കൈയ്യിൽ സുരക്ഷിതവും ശോഭനവുമാകും തന്റെ ജീവിതമെന്ന പ്രതീക്ഷയാണത്. ഈ പ്രതീക്ഷയിൽ നജീബ് യാത്ര തുടരുകയാണ്.

### ബെന്യാമിൻ



പത്തനംതിട്ട ജില്ലയിലെ കുളനട സ്വദേശി. കഥാകൃത്ത്, നോവലിസ്റ്റ് അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ, അബീശഗിൻ, മഞ്ഞ വെയിൽ മരണങ്ങൾ, അൽ അറേബ്യൻ നോവൽ ഫാക്ടറി, മുല്ലപ്പൂ നിറമുള്ള പകലുകൾ, മർകേസ് ഇല്ലാത്ത മക്കൊണ്ടോ, തരകൻസ് ഗ്രന്ഥവരി, നിശബ്ദ സഞ്ചാരങ്ങൾ തുടങ്ങിയ കൃതികൾ. ആടുജീവിതം 2008-ലെ കേരള സാഹിത്യ അക്കാദമി അവാർഡും മാന്തളിരിലെ 20 കമ്മ്യൂണിസ്റ്റ് വർഷങ്ങൾ എന്ന നോവൽ 2021-ലെ വയലാർ അവാർഡും നേടിയിട്ടുണ്ട്. ആടുജീവിതത്തിന് വിവിധ ഭാഷകളിൽ പരിഭാഷകൾ ഉണ്ടായതോടൊപ്പം അത് സിനിമയായും ചിത്രീകരിച്ചിട്ടുണ്ട്.

## വായിക്കാം കണ്ടെത്താം

കുട്ടികൾ നടത്തിയ വിവിധ യാത്രകൾ നേരത്തേ ചർച്ച ചെയ്തിട്ടുണ്ട്. ഗൾഫ് യാത്ര നടത്തിയവർ, പ്രവാസികളായ രക്ഷിതാക്കളുള്ള കുട്ടികൾ, അവരുടെ ജീവിതാനുഭവങ്ങൾ, യാത്രാനുഭവങ്ങൾ പങ്കുവയ്ക്കട്ടെ.

ഗൾഫ് ജീവിതം പ്രമേയമായ സിനിമകൾ, കത്തുപാട്ടുകൾ, യാത്രാവീഡിയോ എന്നിവ പങ്കുവച്ചുകൊണ്ട് ഗൾഫ് ജീവിതം/യാത്ര - പൊതുവായ സവിശേഷതകൾ ക്രോഡീകരിക്കുന്നു.

കുട്ടികൾ ആടു ജീവിതം എന്ന സിനിമയുടെ അനുഭവം പങ്കുവയ്ക്കട്ടെ.

ചർച്ച

ക്രോഡീകരണം

ഗൾഫ് ജീവിതം പ്രമേയമായ സിനിമകൾ

- ഗദ്ദാമ
- പത്തേമാരി
- 

ടീച്ചർ പാഠസന്ദർഭം വ്യക്തമാക്കുന്നു. തുടർന്ന് കുട്ടികൾ ഭാവാത്മകമായി പാഠഭാഗം വായിക്കട്ടെ.

ഗ്രൂപ്പുകളായി മാറി, പാഠഭാഗത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുന്നു.

- യാത്രയുടെ തുടക്കം
- അർബാബിന്റെ പെരുമാറ്റം
- വാഹനത്തിന്റെ അവസ്ഥ, വേഗത
- യാത്രയെക്കുറിച്ചുള്ള നജീബിന്റെ പ്രതീക്ഷകൾ, ആശങ്കകൾ
- ഭാഷ
- അവതരണം

ഇത്തരം സൂചനകളുടെ അടിസ്ഥാനത്തിൽ പാഠഭാഗത്തിലെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നു.

### ക്രോഡീകരണം

ഏറെ പ്രതീക്ഷകളോടെയാണ് നജീബും ഹക്കീമും ഗൾഫ് യാത്ര ആരംഭിക്കുന്നതെങ്കിലും അർബാബിന്റെ പെരുമാറ്റവും യാത്രാനുഭവവും അവരെ പ്രയാസപ്പെടുത്തുന്നു. എങ്കിലും ഭാവി ജീവിതത്തെക്കുറിച്ച് ശോഭനമായ സ്വപ്നങ്ങൾ കണ്ടുകൊണ്ട് അവർ യാത്ര തുടരുന്നു.

## പഠനപ്രവർത്തനങ്ങളിലൂടെ

'എന്തെന്നറിയാത്ത ഭീതി ഒരു മണിയനീച്ചയെപ്പോലെ എന്റെ മനസ്സിനെ വലം വച്ചും തുടങ്ങി'. എന്ന വാക്യത്തിന്റെ അടിസ്ഥാനത്തിൽ നജീബിന്റെ യാത്രാനുഭവങ്ങൾ ചർച്ച ചെയ്യുന്നു.

**? നജീബിന്റെ യാത്രാനുഭവം എന്തൊക്കെയാണ്?**

- അർബാബിന്റെ മോശമായ പെരുമാറ്റം
- കത്തുന്ന വിശപ്പും ദാഹവും
- മണിക്കൂറുകൾ നീണ്ടുനിന്ന യാത്ര
- 

**മണിയനീച്ചയുടെ പ്രത്യേകത എന്താണ്?**

- സുഖകരമല്ലാത്ത ശബ്ദവും ചലനവും
- 

### ക്രോഡീകരണം

നജീബിന്റെ മനസ്സിലുണ്ടായ ആശങ്കയും ഭീതിയും വെളിപ്പെടുത്താനാണ് ഈ സാദൃശ്യകല്പന നടത്തിയത്. ഗൾഫിലെത്തിയപ്പോൾ ഉണ്ടായ അനുഭവങ്ങളാണ് നജീബിൽ ഈ അവസ്ഥ ഉണ്ടാക്കിയത്. അർബാബിന്റെ മോശമായ പെരുമാറ്റം, മണിക്കൂറുകൾ നീണ്ടുനിന്ന, വിശ്രമമില്ലാത്ത യാത്ര, കത്തുന്ന വിശപ്പ്, കടുത്ത ദാഹം എന്നിവയെല്ലാം നജീബിൽ ആശങ്കയും ഭീതിയും ഉളവാക്കി.

## താരതമ്യം ചെയ്യുക

**സച്ചിദാനന്ദന്റെ കാവ്യഭാഗവും നജീബിന്റെ അനുഭവങ്ങളും താരതമ്യം ചെയ്യാം.**

കാവ്യഭാഗം കുട്ടികൾ വായിച്ച് ചർച്ച ചെയ്യട്ടെ.

- മരുഭൂമിയിൽ മരിക്കുന്ന ഒട്ടകം നീരുറവയുടെ ആഴവും ആവശ്യവും തിരിച്ചറിയുന്നുണ്ട്.
- കിണറ്റിലെ തവള കടലിന്റെ വലുപ്പവും സ്വാതന്ത്ര്യവും സ്വപ്നം കാണുന്നുണ്ട്.

**പാഠഭാഗത്ത് സൂചിപ്പിക്കപ്പെട്ട നജീബിന്റെ അനുഭവങ്ങൾ എന്തൊക്കെയാണ്?**

- നജീബിന്റെ ആശങ്കകൾ
- അർബാബിന്റെ മോശമായ പെരുമാറ്റം
- യാത്രാനുഭവങ്ങൾ
- പ്രയാസങ്ങൾക്കിടയിലും നജീബിന്റെ പ്രതീക്ഷയും സ്വപ്നങ്ങളും

ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇവ താരതമ്യം ചെയ്യുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു.

### ക്രോഡീകരണം

മരുഭൂമിയിൽ മരിക്കുന്ന ഒട്ടകം നീരുറവയുടെ ആഴവും ആവശ്യവും തിരിച്ചറിയുന്നു. സ്വാതന്ത്ര്യമനുഭവിക്കാത്ത കിണറ്റിലെ തവള കടലിന്റെ വലിപ്പവും സ്വാതന്ത്ര്യവും സ്വപ്നം കാണുന്നു. ഇതിനു സമാനമായ അനുഭവവും സാഹചര്യവുമാണ് ഗൾഫ് യാത്രയുടെ ആദ്യദിനം തന്നെ നജീബിന് അനുഭവപ്പെട്ടത്. ദുരിതങ്ങൾക്കിടയിലും അർബാബിന്റെ കൈയിൽ തന്റെ ജീവിതം സുരക്ഷിതവും ശോഭനവുമാണെന്ന് നജീബ് കരുതുന്നു.

## ശബ്ദസന്ദേശം തയ്യാറാക്കാം

നജീബിന്റെ യാത്രാനുഭവം കുട്ടികൾ അവതരിപ്പിക്കട്ടെ. അവയിൽ, ഏതനുഭവമാണ് നജീബ് സ്വന്തം കൂട്ടുകാരനോട് പറയാൻ സാധ്യതയുള്ളത്? അത് ശബ്ദസന്ദേശമാക്കി മാറ്റുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

കുട്ടികൾ ചർച്ച ചെയ്യട്ടെ.

ടീച്ചർ ക്രോഡീകരിക്കുന്നു.

## ശബ്ദസന്ദേശം തയ്യാറാക്കുമ്പോൾ

- സംഭാഷണഭാഷ ഉപയോഗിക്കുന്നു
- പ്രാദേശിക ഭാഷയുടെ ഉപയോഗം
- ലഘുവാക്യങ്ങൾ, വാക്കുകൾ മാത്രം
- അപൂർണമായ വാക്യങ്ങൾ
- വ്യാക്ഷേപകങ്ങൾ ചേർക്കാം
- സംക്ഷിപ്തരൂപം
- ലഘുവാക്യങ്ങളിലൂടെയും കുറച്ച് വാക്കുകളിലൂടെയും പരമാവധി ആശയവിനിമയം
-

## പ്രവർത്തനം - പദങ്ങളുടെ അർഥതലങ്ങൾ കണ്ടെത്താം.

പച്ചവെള്ളം എന്നതുപോലെ പച്ചചേർന്ന പദങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. അവയുടെ അർഥത്തിന് ഓരോ സന്ദർഭത്തിലും വരുന്ന മാറ്റം തിരിച്ചറിയുന്നു. അവ എഴുതി അവതരിപ്പിക്കുന്നു.

"അയാൾ പച്ചവെള്ളം പോലെ ഇംഗ്ലീഷ് സംസാരിക്കും." ഇവിടെ പാഠഭാഗത്തുള്ള അർഥത്തിലാണോ ആ പദം ഉപയോഗിച്ചിരിക്കുന്നത്. ഇതുപോലെ പച്ചചേരുന്ന കൂടുതൽ പദങ്ങൾ ഉണ്ടല്ലോ. ഓരോ പദത്തിനോടും ചേരുമ്പോഴും 'പച്ച' എന്നതിന്റെ അർഥം മാറുന്നതുകാണാം. ഇതു കുട്ടി തിരിച്ചറിയണം.

| | | | |
|---|---|---|---|
| *ഉദാ :* | **പച്ചവെള്ളം** | - | **ചൂടാക്കാത്ത വെള്ളം** |
| | **പച്ചമനുഷ്യൻ** | - | **കളങ്കമില്ലാത്ത മനുഷ്യൻ** |
| | **പച്ചപ്പരിഷ്കാരി** | - | **ഏറ്റവും പുതിയ പരിഷ്കാരം സ്വീകരിച്ചയാൾ** |
| | **പച്ചമാങ്ങ** | - | **പഴുക്കാത്ത മാങ്ങ** |

ഇങ്ങനെയുള്ള പദങ്ങൾ കണ്ടെത്തി അവയുടെ ആശയങ്ങൾ എഴുതട്ടെ.

തുടർന്ന് അവയെ പട്ടികപ്പെടുത്താം.

## പുസ്തകാസ്വാദനക്കുറിപ്പ്

ആടുജീവിതം കുട്ടികൾ വായിക്കട്ടെ. വായനാനുഭവം കുട്ടികൾ അവതരിപ്പിക്കട്ടെ.

ക്ലാസ് തല ചർച്ച നടത്തുന്നു.

ആസ്വാദനക്കുറിപ്പ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

**ക്രോഡീകരണം**

## ആസ്വാദനക്കുറിപ്പ്

- പ്രമേയം
- മുഖ്യകഥാപാത്രം
- മറ്റു കഥാപാത്രങ്ങൾ
- പശ്ചാത്തലം
- കഥാസന്ദർഭങ്ങൾ - ശ്രദ്ധേയമായ ഭാഗങ്ങൾ
- അവതരണരീതി
- ഭാഷയുടെ പ്രത്യേകതകൾ
- പ്രയോഗഭംഗി
- 

ചർച്ചയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആടുജീവിതത്തിന്റെ ആസ്വാദനം തയ്യാറാക്കട്ടെ.

അവ ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്താം.

## പതിപ്പ് നിർമ്മാണം

ആസ്വാദനക്കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് നിർമ്മിക്കാം.

## പതിപ്പിന്റെ പ്രകാശനം

നോട്ടീസ്, പോസ്റ്റർ എന്നിവ തയ്യാറാക്കി ആവശ്യമായ പ്രചാരണം നൽകുന്നു.

ക്ലാസടിസ്ഥാനത്തിലോ വിദ്യാരംഗം കലാസാഹിത്യവേദിയുടെനേതൃത്വത്തിലോ പതിപ്പിന്റെ പ്രകാശനം നിർവഹിക്കാം.

### പതിപ്പ് നിർമ്മിക്കുമ്പോൾ

- കുട്ടികൾക്ക് വിവിധ ചുമതലകൾ വിഭജിച്ചു നൽകുന്നു. (എഡിറ്റോറിയൽ, പ്രകാശനം)
  - » പത്രാധിപകസമിതി (എഡിറ്റോറിയൽ ബോർഡ്)
  - » ആവശ്യമായ ചിത്രങ്ങൾ തയ്യാറാക്കൽ
  - » പതിപ്പിന്റെ രൂപകല്പന (ലേ ഔട്ട്)
  - » ആമുഖം തയ്യാറാക്കൽ

## ആടുജീവിതം

'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്' എന്ന മുഖവാക്യത്തോടെയാണ് ബെന്യാമിന്റെ ആടുജീവിതം എന്ന നോവൽ പുറത്തിറങ്ങിയത്. 2008-ലാണ് ഈ നോവൽ ആദ്യമായി പ്രസിദ്ധീകരിക്കുന്നത്. നിരവധി പതിപ്പുകളിലൂടെ ആയിരക്കണക്കിന് വായനക്കാരെ ആകർഷിച്ച ആടുജീവിതത്തിന് വിവിധ ഭാഷകളിൽ പരിഭാഷകളുമുണ്ടായിട്ടുണ്ട്.

മറുനാടിനെക്കുറിച്ചുള്ള ആകാംക്ഷയും അന്വേഷണത്വരയും അവയിലൂടെ ആർജിക്കുന്ന പുതിയ അറിവുകളും അനുഭവങ്ങളും നമ്മളിൽ പുതിയ ഒരു ലോകവീക്ഷണംതന്നെ രൂപപ്പെടാൻ ഏറെ സഹായിച്ചിട്ടുണ്ട്. ഉപജീവനത്തിനും അതിജീവനത്തിനും വേണ്ടി, മെച്ചപ്പെട്ട ജീവിതസാഹചര്യവും തൊഴിലും തേടിയുള്ള മനുഷ്യന്റെ യാത്രകൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

മലയാളിയുടെ വ്യക്തിപരവും സാമൂഹികപരവും സാംസ്കാരികവും സാമ്പത്തികവുമായ ജീവിതക്രമത്തിൽ വലിയ മാറ്റങ്ങളാണ് പ്രവാസിലോകം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

അറുപതുകളിൽ മുതൽ ഗൾഫ് രാജ്യങ്ങളിലെ സുവർണതീരങ്ങൾ തേടി മലയാളി യാത്ര തുടങ്ങിയതു മുതൽ അവരുടെയും നാടിന്റെയും ജീവിതക്രമത്തിലും പുരോഗതിയിലും മാത്രമല്ല, സാഹിത്യരൂപങ്ങളിലും അവ പ്രതിഫലിക്കാൻ തുടങ്ങി. പ്രവാസജീവിതത്തിലെ വൈവിധ്യപൂർണമായ അനുഭവങ്ങളും സങ്കീർണ്ണതകളും വ്യത്യസ്തതലങ്ങളിൽ ആവിഷ്കരിക്കപ്പെട്ടു. മരുഭൂമിയിലെ ജീവിതത്തിന്റേതായ പ്രത്യേകതകൾ, തൊഴിലനുഭവങ്ങൾ, കാലാവസ്ഥ എന്നിവയെല്ലാം അവയിൽ കടന്നുവന്നു. അതിൽ പ്രതീക്ഷയും സൗന്ദര്യവും സന്തോഷവും ആത്മീയതയും സങ്കടവും സ്വപ്നവും ഇഴ ചേർന്നു കിടന്നു. പ്രകൃതിയുടെയും ജീവജാലങ്ങളുടെയും ഭാവമാറ്റങ്ങൾ, മരുഭൂമിയിലെ മണൽപ്പരപ്പുകൾ, തീക്കാറ്റുകൾ, വെയിൽ, മഴ, വിഭ്രാത്മകമായ സൗന്ദര്യം എന്നിവയോടൊപ്പം വൈവിധ്യപൂർണമായ ജീവിതാവസ്ഥകളും പ്രത്യക്ഷപ്പെട്ടു. അത്തരം പ്രവാസമെഴുത്തിന്റെ തികച്ചും വ്യത്യസ്തമായ ഒരാവിഷ്കാരമായാണ് ആടുജീവിതം എന്ന നോവൽ പുറത്തിറങ്ങിയത്.

ആടുജീവിതം എഴുതാനിടയായ സാഹചര്യം നോവലിസ്റ്റ് തന്നെ പറഞ്ഞുവച്ചിട്ടുണ്ട്. നജീബ് എന്ന വ്യക്തിയുടെ പച്ചയായ ജീവിതത്തിനുമേൽ എഴുത്തുകാരൻ തന്റെ ജീവിതത്തിൽനിന്നും സ്വാംശീകരിച്ച അനുഭവങ്ങളും കാഴ്ചകളും സ്വപ്നങ്ങളും ദർശനവുമെല്ലാം ചേർത്തുവച്ച് പുതിയ ഒരു അനുഭവതലമാക്കി അതിനെ മാറ്റുന്നു.

മരുഭൂമിയുടെ സൗന്ദര്യതലങ്ങളും തീക്ഷ്ണതയും ഭീകരതയുമെല്ലാം ഈ അനുഭവതലങ്ങളോട് ചേർത്തുവയ്ക്കുന്നു. മനുഷ്യജീവിതത്തെ പച്ചയായും തീവ്രമായും രൂക്ഷമായും ആവിഷ്കരിക്കുമ്പോഴും സഹനത്തിന്റെയും വേദനയുടെയും ആഴങ്ങളിൽ പിടയുമ്പോഴും പ്രസാദാത്മകതയുടെ തെളിച്ചങ്ങൾ ആടുജീവിതത്തിൽ പ്രകടമായി കാണുന്നു. ഏത് കൊടിയ ദുരന്തത്തിനുമപ്പുറം ബാക്കിയാവുന്ന സ്നേഹത്തലോടലുകളും പച്ചപ്പുകളും ഇതിൽ തെളിഞ്ഞുവരുന്നത് കാണാം.

ലളിതമായ ആഖ്യാനവും അവതരണത്തിലെ ആത്മാർഥതയും അനുഭവങ്ങളുടെ അസാധാരണത്വവും ആടുജീവിതത്തെ വേറിട്ടുനിർത്തുന്നു. വൈവിധ്യപൂർണമായ അനുഭവങ്ങളെയും വൈകാരികാംശങ്ങളെയും പ്രകൃതിയുമായി ചേർത്തുനിർത്തുന്ന നിരവധി സന്ദർഭങ്ങൾ ഇതിൽ ആവിഷ്കരിച്ചിരിക്കുന്നു. പരിഷ്കൃത മനുഷ്യന്റെ ജീവിതാവസ്ഥകൾക്കും നിയമങ്ങൾക്കും യോജിക്കാത്ത, മാനവികതയ്ക്കും സ്നേഹത്തിനുമപ്പുറമുള്ള ഒരിടമായി മസറയിലെ നജീബിന്റെ ആടുജീവിതത്തെ മാറ്റുന്നുണ്ട്. ആടുജീവിതത്തിന്റെ വേറിട്ട വായനകൾ വ്യത്യസ്തമായ തലങ്ങളിലേക്ക് വായനക്കാരനെ കൊണ്ടുപോകുമെന്ന് നിസ്സംശയം പറയാൻ കഴിയും.

"ആടുജീവിതം എന്ന നോവലിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട വരികൾ:..' മഴയ്ക്കു ശേഷം വരണ്ട മണ്ണിനു മീതെ പൊന്തി വന്ന പച്ച വിരിപ്പുകളിൽ ഒരു കുഞ്ഞു ചെടി നജീബിനു കൊടുക്കുന്നത് ആത്മവിശ്വാസത്തിന്റെ വാക്കുകളാണ്. 'നജീബേ, മരുഭൂമിയുടെ ദത്തുപുത്രാ - ഞങ്ങളെപ്പോലെ നീയും നിന്റെ ജീവനെ അടക്കിപ്പിടിച്ച് ഈ മരുഭൂമിയോട് മല്ലിടുക, തീക്കാറ്റും വെയിൽനാളവും നിന്നെ കടന്നു പോകും. നീ അവയ്ക്ക് മുന്നിൽ കീഴടങ്ങരുത്. അത് നിന്റെ ജീവനെ ചോദിക്കും. വിട്ടുകൊടുക്കരുത്..... "

**ബെന്യാമിൻ**

(ഒരു അഭിമുഖത്തിൽ നിന്നും)

## യൂണിറ്റ് ശീർഷകം വിശകലനം ചെയ്യുമ്പോൾ

യൂണിറ്റ് ആമുഖം പരിചയപ്പെടുത്തിയ ഘട്ടത്തിൽ കുട്ടികൾ ശീർഷകം പ്രാഥമികമായി ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ മുഴുവൻ പാഠഭാഗങ്ങളും പ്രവർത്തനങ്ങളും പൂർത്തിയാക്കുന്ന ഘട്ടത്തിലും ശീർഷകത്തിന്റെ ഔചിത്യം ആഴത്തിൽ പരിശോധിക്കേണ്ടത് ആവശ്യമാണ്.

ശീർഷകം പ്രദർശിപ്പിക്കുന്നു. 'നടക്കുന്തോറും വഴികൾ' - എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കട്ടെ.

ഓരോ പാഠഭാഗത്തിന്റെയും ആശയതലം കുട്ടികൾ കണ്ടെത്തുന്നു.

പാഠഭാഗത്തെ ആശയതലത്തെ എങ്ങനെ യുണിറ്റ് ശീർഷകവുമായി ബന്ധപ്പെടുത്താം.

ചർച്ച

### ക്രോഡീകരണം

എസ്.കെ.യുടെ 'ശാന്തിനികേതനം' എന്ന യാത്രാവിവരണഭാഗത്ത് ശാന്തിനികേതനത്തിലെ യാത്രാനുഭവമാണ് പങ്കുവെയ്ക്കുന്നത്. ടാഗോറിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഇതിലൂടെ വ്യക്തമാകുന്നു. ഈ അറിവുകൾ അനുഭവമാക്കുന്ന അവതരണരീതിയാണ് എസ്.കെ. ഇവിടെ അവലംബിച്ചിരിക്കുന്നത്. വീരാൻകുട്ടിയുടെ 'സ്മാരകം' എന്ന കവിത, അപ്പൂപ്പൻതാടിയുടെ പറക്കത്തെക്കുറിച്ചാണ്. സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞ് സ്വന്തം വഴികൾ കണ്ടെത്തി മുന്നേറുന്നവർക്ക് കാലത്തെ അതിജീവിക്കുന്ന സ്മാരകമായി മാറാൻ കഴിയുമെന്ന് അപ്പൂപ്പൻ താടി ഓർമ്മപ്പെടുത്തുന്നു. ലാളിത്യത്തിന്റെ മഹത്തായ വഴികളാണവ പഠിപ്പിക്കുന്നത്. 'മണൽക്കൂനകൾക്കിടയിലൂടെ' യുള്ള ദുരിതയാത്രയ്ക്കിടയിലും നജീബിന് ഭാവിയെക്കുറിച്ച് പ്രതീക്ഷകളുണ്ട്. ഇങ്ങനെ, വ്യത്യസ്തമായ ജീവിതയാത്രയ്ക്കിടയിലെ കാഴ്ചയും അനുഭവവും നമ്മെ പുതിയ പാഠങ്ങൾ പഠിപ്പിക്കുന്നുണ്ട്. അവ കൂടുതൽ വെളിച്ചവും തെളിച്ചവും നല്കി ജീവിതത്തെ മുന്നോട്ട് നയിക്കുന്നു.

### അനുരൂപീകരണസാധ്യതകൾ

- കുട്ടികൾ നടത്തിയ ലഘുയാത്രകളെക്കുറിച്ച് യാത്രാനുഭവം പങ്കുവയ്ക്കൽ.
- സന്ദർശനസ്ഥലങ്ങൾ, അനുഭവങ്ങൾ എന്നിവയുടെ ചില സൂചനകൾ മാത്രം എഴുതുക. വാക്കുകൾ, ലഘുവാക്യങ്ങൾ എന്നിവ എഴുതാം.
- ചിത്രം വരച്ച് ആശയം അവതരിപ്പിക്കുക.
- ചിത്രങ്ങളോ സൂചനകളോ ശബ്ദഭാഗങ്ങളോ ടീച്ചർ നൽകി കൂടുതൽ വിശദീകരണങ്ങൾ കുട്ടികൾ അവതരിപ്പിക്കുക.
- വിവിധ യാത്രകളുടെ ലഘുവീഡിയോകൾ കണ്ട് ആ കാഴ്ചയുടെ അനുഭവങ്ങൾ അവതരിപ്പിക്കുക.
- സ്മാരകം എന്ന കവിത അവതരിപ്പിക്കുന്നതിനുമുമ്പായി പ്രകൃതിദൃശ്യങ്ങൾ, ജീവികളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ എന്നിവ അവതരിപ്പിക്കുക. അവ കുട്ടികളിലുണ്ടാക്കിയ ചിന്തകൾ എന്തൊക്കെയാണ് എന്ന് പറയുക. കവിതയിലെ ചില വാക്കുകൾ/വരികൾ മാത്രം സൂചിപ്പിച്ച് അർഥതലങ്ങൾ വിശദമാക്കുക. മണൽക്കൂനകൾക്കിടയിലൂടെ എന്ന പാഠഭാഗത്തിലെയും മുസഫർ അഹമ്മദിന്റെ യാത്രാവിവരണഭാഗത്തിലെയും ചില ഭാഗങ്ങളുടെ വാങ്മയ ചിത്രങ്ങൾ അവതരിപ്പിക്കുക.
- ചിത്രരൂപത്തിൽ ആവിഷ്കരിക്കാനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുക.

## തീം ലൈബ്രറി

യാത്രാവിവരണങ്ങൾ, യാത്ര പ്രമേയമായ കഥകൾ, കവിതകൾ, ലേഖനങ്ങൾ, യാത്രാനുഭവങ്ങൾ, വീഡിയോകൾ എന്നിവ ശേഖരിച്ച് കുട്ടികൾ ലൈബ്രറി സജ്ജീകരിക്കട്ടെ. അവ ഫലപ്രദമായി ഉപയോഗപ്പെടുത്താനാവശ്യമായ പ്രവർത്തനങ്ങൾ ടീച്ചർ നൽകാൻ ശ്രദ്ധിക്കുമല്ലോ.

## റഫറൻസ്


എസ്. കെ. പൊറ്റെക്കാട് – പഠനവും അനുസ്മരണവും (കേരള സാഹിത്യ സമിതി) സമ്പ: പ്രൊഫ. എ.പി.പി. നമ്പൂതിരി)

സഞ്ചാരസാഹിത്യം Vol I & II – എസ്. കെ. പൊറ്റെക്കാട്ട്

സഞ്ചാരസാഹിത്യം മലയാളത്തിൽ - പ്രൊഫ. വി. രമേഷ് ചന്ദ്രൻ

രവീന്ദ്രനാഥ ടാഗോർ - ജീവചരിത്രം – കെ.സി.പിള്ള, കൈരളി ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്

അമരകവി ടാഗൂർ - തായാട്ട് ശങ്കരൻ - സോഷ്യലിസ്റ്റ് ലിറ്ററേച്ചർ

ടാഗോറിന്റെ തെരഞ്ഞെടുത്ത കഥകൾ - മെലിൻഡ ബുക്സ്

മഹച്ചരിതമാല – 125 – (നന്ദലാൽ ബോസ്) – കൈരളി ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്

ആടുജീവിതം കഥകൾ പറയുമ്പോൾ - ഗ്രീൻ ബുക്സ്

ആടുജീവിതം – തിരക്കഥ – ബ്ലെസി – ഡി.സി.ബുക്സ്

വീരാൻകുട്ടിയുടെ കവിതകൾ - ഡി.സി.ബുക്സ്

മിണ്ടാപ്രാണി – വീരാൻകുട്ടി – ഡി.സി. ബുക്സ്




# ഞാൻ എന്നെക്കുറിച്ച്

| | | പൂർണ്ണമായും | ഭാഗികമായി | മെച്ചപ്പെടണം |
|---|---|---|---|---|
| 1 | വ്യത്യസ്തമായ യാത്രാനുഭവങ്ങൾ വായിച്ചും കണ്ടും ചർച്ച ചെയ്തും ആസ്വദിക്കാൻ കഴിഞ്ഞിട്ടുണ്ട് | | | |
| 2 | സ്വന്തം യാത്രാനുഭവങ്ങളെ ആകർഷകമായി എഴുതി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് | | | |
| 3 | ട്രാവലോഗുകളുടെ നിർമ്മാണത്തെക്കുറിച്ച് ധാരണ നേടാനും അവ നിർമ്മിക്കാനും കഴിഞ്ഞിട്ടുണ്ട് | | | |
| 4 | പാഠഭാഗം വായിച്ച് ആശയതലം, ഭാവതലം, ഭാഷാതലം എന്നിവ തിരിച്ചറിഞ്ഞ് സ്വന്തമായി വിശകലനക്കുറിപ്പുകൾ തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട് | | | |
| 5 | രചനകളുടെ സവിശേഷപ്രയോഗങ്ങളും ആവിഷ്കാരഭംഗിയും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് | | | |
| 6 | നോവൽ വായിച്ച് അവയുടെ ആസ്വാദനാംശങ്ങൾ കണ്ടെത്തി സ്വന്തമായി ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട് | | | |
| 7 | ഗദ്യഭാഷയിലെ കാവ്യാത്മകത, വാങ്മയചിത്രം, പ്രയോഗ സവിശേഷതകൾ, ആവിഷ്കാര ഭംഗി എന്നിവ തിരിച്ചറിയുകയും അവ ഉചിതമായ രീതിയിൽ സ്വന്തം രചനകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. | | | |
| 8 | കവിതയിലെ പ്രമേയം, പ്രയോഗങ്ങൾ, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ കണ്ടെത്തി വ്യാഖ്യാനിക്കാനും സ്വന്തമായി ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കാനും കഴിഞ്ഞിട്ടുണ്ട്. | | | |
| 9 | വിവിധ രചനകളുടെ ആശയങ്ങൾ, ആഖ്യാനരീതി എന്നിവ താരതമ്യം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി താരതമ്യക്കുറിപ്പ് തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 10 | വ്യത്യസ്തമായ സന്ദർഭങ്ങളിൽ പദങ്ങളുടെ അർഥതലങ്ങളിൽ മാറ്റം വരുന്നത് തിരിച്ചറിയാനും അവ ഉചിതമായ രീതിയിൽ പ്രയോഗിക്കാനും കഴിഞ്ഞിട്ടുണ്ട്. | | | |
| 11 | പാഠഭാഗങ്ങളിലെ സന്ദർഭങ്ങൾ കണ്ടെത്തി ഉചിതമായ രീതിയിൽ പുനരാവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 12 | പാഠഭാഗത്തെ ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി ഫലപ്രദമായ രീതിയിൽ ശബ്ദസന്ദേശം തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 13 | സഞ്ചാരസാഹിത്യ മേഖലയെക്കുറിച്ച് എനിക്ക് ലഭിച്ച ധാരണകൾ? | | | |
| 14 | 'സ്മാരകം' എന്ന കവിതയിൽനിന്ന് ജീവിതയാത്രയെക്കുറിച്ച് എനിക്ക് ലഭിച്ച ആശയങ്ങൾ? | | | |
| 15 | വിഷ്വൽ ട്രാവലോഗുകൾ തയ്യാറാക്കുന്നതിനായി ഞാൻ മനസ്സിലാക്കിയ കാര്യങ്ങൾ? | | | |